# കഥാമകരന്ദം.

൧

ഏ. പരമേശ്വരശാസ്ത്രികൾ.

15,4

# കഥാമകരന്ദം.

V.K.KESAVAN

ഗ്രന്ഥകർത്താ,

മഹോപാദ്ധ്യായ, ഏ. പരമേശ്വരശാസ്ത്രികൾ.

തിരുവനന്തപുരം.

---

[ പകർപ്പവകാശം ഗ്രന്ഥകർത്താവിനു. ]

---

കാപ്പി ൨൦൦൦.

---

പ്രകാശകൻ,

ആർ. ററി. പിള്ള.

ചാല, തിരുവനന്തപുരം.

---

1108.

വില ചക്രം ൩.

☞ ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജമാകുന്നു.

Printed at

THE ANANTHA RAMA VARMA PRESS,

Fort, Trivandrum,

# അഭിപ്രായങ്ങൾ.

I

ശ്രീസൂൎയ്യശതകം, ശ്രീചണ്ഡീശതകം മുതലായി അതിപ്രധാനങ്ങളായ സംസ്കൃതകാവ്യങ്ങളുടെ വ്യാഖ്യാതാവും ഉപദേശമാല, ശ്രീചിത്രാവതാരവിജയം തുടങ്ങിയുള്ള ഒട്ടനേകം സ്വതന്ത്രകൃതികളുടെ കൎത്താവും ആയ മഹോപാദ്ധ്യായൻ ഏ. പരമേശ്വരശാസ്ത്രി അവൎകളുടെ ഒരു നവീനകൃതിയാകുന്നു കഥാമകരന്ദം. പുരാണസംബന്ധികളായ സൽക്കഥകൾ വഴി ബാലവിദ്യാൎത്ഥികൾക്കു വിജ്ഞാനപ്രദാനം ചെയ്യണമെന്നുള്ള സദുദ്ദേശമാകുന്നു മി: ശാസ്ത്രികളെ ഈ ഗദ്യകൃതിയുടെ നിൎമ്മാണത്തിനു പ്രധാനമായി പ്രേരിപ്പിച്ചിട്ടുള്ളതു്. ഇതിൽ സ്വീകരിച്ചിട്ടുള്ള കഥകളെല്ലാം ഒരുപോലെ പ്രശംസാൎഹങ്ങളും സന്മാൎഗ്ഗോത്തേജകങ്ങളുമായിരിക്കുന്നു എന്നു പറവാൻ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്. വല്ല ശുഷ്കങ്ങളായ ഇതിവൃത്തങ്ങളിൽ ദുൎബ്ബലങ്ങളായി കെട്ടിപ്പടുത്തിട്ടുള്ള കെട്ടുകഥാസൌധങ്ങളേ അപേക്ഷിച്ചു് ചിരപ്രതിഷ്ഠിതങ്ങളും സമ്മതങ്ങളുമായ പുരാണകഥകൾക്കുള്ള വൈശിഷ്ട്യം ഒന്നു വേറെ തന്നെയാണു്.........കഥാമകരന്ദത്തിലെ ഭാഷാരീതി എത്രയും ലളിതവും തുലോം ആദരണീയവും ആകുന്നു. ഈ കഥാമകരന്ദം വിദ്യാൎത്ഥിലോകത്തിനു സാക്ഷാൽ മകരന്ദംപോലെ ഹൃദ്യവും ഹൎഷണവുമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല...............പാഠപുസ്തകസ്വീകരണാധികൃതന്മാരുടെ ശ്രദ്ധ ഈ മഹനീയമായ ഗദ്യഗ്രന്ഥത്തിൽക്കൂടി പതിയുന്നപക്ഷം അതു വിദ്യാൎത്ഥിലോകത്തിനു വലിയ അനുഗ്രഹമായിത്തീരുമെന്നാണു ഞങ്ങളുടെ വിശ്വാസം. സമദൎശി.

## II

...............അതേ, പ്രശാന്തപ്രകൃതിയും പണ്ഡിതവതംസവുമായ പരമേശ്വരശാസ്ത്രികളുടെ പ്രകൃതപുസ്തകമാണ് എൻെറ ചിന്താതന്തുവിനെ ഇപ്രകാരമാകർഷിച്ചത്. സഹൃദയകോകിലങ്ങളെ സന്തോഷിപ്പിച്ചുകൊണ്ടു സാഹിത്യാരാമത്തിൽ സമുല്ലസിക്കുന്ന സുചരിതമാകന്ദമാകുന്നു ശ്രീമാൻ ശാസ്ത്രികൾ. ആ മാകന്ദത്തിൽ നിന്നും സ്യന്ദമാനമായിരിക്കുന്ന ഈ 'കഥാമകരന്ദ'മാകട്ടെ വിദ്യാർത്ഥികളെയാണ്, വിനോദപ്രിയന്മാരെ അല്ല, ലക്ഷ്യീകരിച്ചിട്ടുള്ളതു്..............വിദ്യാർത്ഥികൾക്കാണെങ്കിൽ, സാക്ഷാൽ മകരന്ദംപോലെ ഈ കഥാമകരന്ദവും ഹൃദ്യവും ഹർഷണവുമാണുതാനും.......ഭാഗവതം, സ്കാന്ദം മുതലായ പുരാണരത്നങ്ങളിൽ നിന്നും മററും എടുത്തിട്ടുള്ളതാണ് ഇതിലെ ആറു ചെറുകഥകളും. ഈ വിധത്തിൽ തന്നെ ഉചിതങ്ങളായ ഇതരകഥകളേയും സങ്ഗ്രഹിയ്ക്കുന്നതു വിദ്യാർത്ഥികൾക്കു് ഒരനുഗ്രഹമായിരിക്കുമെന്നു തോന്നുന്നു. അദ്ധ്യാപനവൃത്തിയിൽ ചിരപരിചയം നേടിയവനും ആസ്തിക്യനിഷ്ഠയുള്ള പണ്ഡിതപ്രകാണ്ഡവുമായ ശാസ്ത്രികൾ തന്നെയാണ് അതിലേയ്ക്കു് അർഹത്തമൻ എന്നു ഞാൻ വിചാരിക്കുന്നു.

വിഷയശുദ്ധിയോടൊപ്പം ഭാഷാശുദ്ധിയും 'കഥാമകരന്ദ'ത്തിൽ, കണ്ണട കൂടാതെ തന്നെ ആർക്കും കാണാം. അങ്ങനെയുള്ള ഒരു കൃതിയെ'ട്ടു്' ആർക്കും 'ചെറുക്ക'വാൻ കഴിയുന്നതല്ലതന്നെ. കൃതികർത്താക്കൾക്കു മങ്ഗളം ഭവിക്കുമാറാകട്ടെ.

പണ്ഡിതർ
ഈ. വി. രാമൻ നമ്പൂതിരി.

# കഥാമകരന്ദം.

## ൧. ശ്രീവത്സം.

പണ്ടു ഭാരതഭൂമിയിൽ സരസ്വതീനദിയുടെ തീരത്തു വസിച്ചിരുന്ന മഹൎഷികൾ ഒരു വലിയ യാഗം നടത്തുകയുണ്ടായി. ആ സന്ദൎഭത്തിൽ അവിടെ വന്നുകൂടിയ മഹൎഷിമാൎക്കു്, ബ്രഹ്മാവു്, വിഷ്ണു, മഹേശ്വരൻ എന്നീ മൂന്നു ദേവന്മാരിലാൎക്കാണു ശ്രേഷ്ഠതയേറുന്നതെന്നൊരു വിവാദമുദ്ഭവിച്ചു. ഈ സംഗതി പരീക്ഷിച്ചറിയുന്നതിനു ബ്രഹ്മാവിന്റെ മകനായ ഭൃഗുവിനെ അവർ നിയോഗിച്ചു. അതനുസരിച്ചു ഭൃഗുമഹൎഷി അവിടെനിന്നു പുറപ്പെട്ടു് സത്യലോകത്തുള്ള തന്റെ പിതാവായ ബ്രഹ്മാവിന്റെ സഭയിൽ ചെന്നുചേൎന്നു. മററു വല്ലവരും അവിടെ ചെല്ലുന്ന സമയം അവർ വണക്കത്തോടുകൂടി ബ്രഹ്മാവിനെ സ്തുതിക്കുക പതിവായിരുന്നു. ഭൃഗു അപ്രകാരം ചെയ്തില്ല. അദ്ദേഹത്തിന്റെ ഈ നടപടി ബ്രഹ്മാവിനു വലിയ കോപമുളവാക്കി. എങ്കിലും മകനായിപ്പോയതുകൊണ്ടു് ആ കോപത്തെ അദ്ദേഹം പണിപ്പെട്ടു് അടക്കുകയാണു ചെയ്തതു്.

ഭൃഗു ഈ വിവരം മനസ്സിലാക്കി സത്യലോകത്തുനിന്നു പുറപ്പെട്ടു് ശ്രീപരമേശ്വരന്റെ വാസസ്ഥലമായ കൈലാസത്തിൽ ചെന്നു. അപ്പോൾ മഹേശ്വരൻ സ്നേഹത്തോടുകൂടി അദ്ദേഹത്തെ ആശ്ലേഷിക്കാനൊരുമ്പെട്ടു. ഭൃഗു അതിനിടകൊടുത്തില്ല. “അങ്ങു നല്ലമാൎഗ്ഗം വിട്ടു നട

ക്കുന്നവനാണ്, എന്നെ തൊടരുത്" എന്നു പറഞ്ഞു ഭൃഗു അദ്ദേഹത്തെ നിന്ദിക്കുകയാണുണ്ടായത്. ഇതുകേട്ടു മഹേശ്വരൻ ഏററവും കുപിതനായി ശൂലായുധം എടുത്തു ഭൃഗുവിനെ വധിക്കാനുദ്യമിച്ചു. അപ്പോൾ ശ്രീപാർവ്വതീദേവി സമാധാനവാക്കുകൊണ്ടു ഭർത്താവിൻെറ കോപത്തെ ശമിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഭൃഗുവിൻെറ കഥ അപ്പോൾതന്നെ അവസാനിക്കുമായിരുന്നു.

ഇതെല്ലാമറിഞ്ഞ ഭൃഗു അവിടുന്നു പുറപ്പെട്ടു് ശ്രീനാരായണൻെറ വാസസ്ഥലമായ ശ്രീവൈകുണ്ഠത്തിലെത്തി. അപ്പോൾ ശ്രീനാരായണൻ ലക്ഷ്മീദേവിയുടെ മടിയിൽ തലവച്ചു പള്ളികൊണ്ടിരിക്കയായിരുന്നു. മഹർഷി വേഗത്തിലടുത്തുചെന്നു് ശ്രീനാരായണൻെറതിരുമാറിടത്തിലൊന്നു ചവിട്ടി. ഉടനെ ശ്രീനാരായണനുണർന്നു വണക്കത്തോടുകൂടി മഹർഷിയെ എതിരേററു സല്ക്കരിക്കുകയാണു് ചെയ്തതു്. "മഹർഷേ! അവിടുത്തെ പാദപദ്മത്തിനു ഞാൻ വേദനയുണ്ടാക്കിയ കുററം അവിടുന്നു ക്ഷമിക്കണേ! എൻെറ മാറിടത്തിൽ അങ്ങയുടെ പാവനമായ പാദപങ്കജംകൊണ്ടുളവായ ഈ അടയാളം ഇന്നുമുതൽക്കു ലക്ഷ്മീദേവിയുടെ ഇരിപ്പിടമായ 'ശ്രീവത്സം' എന്ന നാമധേയത്തിൽ വിളങ്ങട്ടേ", എന്നു ശ്രീനാരായണൻ ഭൃഗുവിനോട് അരുളിച്ചെയ്തു. ഈ വാക്കുകൾ കേട്ടപ്പോൾ ഭൃഗുമഹർഷി ഭക്തിപാരവശ്യത്തോടുകൂടി ശ്രീനാരായണൻെറ തൃക്കാൽ വണങ്ങി ക്ഷമാപണംചെയ്തു് അവിടെനിന്നു തിരിച്ചു സരസ്വതീനദിയുടെ തീരത്തു ചെന്നുചേൎന്നു് ഇക്കഥയെല്ലാം അവിടെയുണ്ടായിരുന്ന മഹർഷിമാരെ പറഞ്ഞു.

കേൾപ്പിച്ചു. അപ്പോൾ അവരുടെ സംശയം തീൎന്നു, ത്രിമൂൎത്തികളിൽ അധികം ശ്രേഷ്ഠനായ ദേവൻ ശ്രീനാരായണൻ തന്നെയാണെന്നു് അവൎക്കു ബോദ്ധ്യമായി. അന്നുമുതൽക്കു ശ്രീനാരായണന്റെ തിരുമാറിടത്തിൽ 'ശ്രീവത്സം' എന്നു പേരായ അടയാളം വിളങ്ങിവരുന്നു.

---

# ൨. ബ്രഹ്മാവിനു പിണഞ്ഞ വിഡ്ഢിത്തം

---

നന്ദകുമാരനായ ശ്രീകൃഷ്ണൻ സ്നേഹിതന്മാരോടുകൂടി ഒരു ദിവസം പ്രഭാതത്തിൽ പശുക്കളെ മേയ്ക്കാൻ വാസസ്ഥലത്തുനിന്നു് അധികം ദൂരെയല്ലാത്ത ഒരു കാട്ടിലേയ്ക്കു പുറപ്പെട്ടു. വിശപ്പുണ്ടാകുമ്പോൾ ഭക്ഷണംകഴിക്കുവാനായി എല്ലാവരും അവരവരുടെ ഗൃഹത്തിൽ നിന്നു് അവരവൎക്കിഷ്ടമുള്ള ആഹാരസാധനം പൊതിഞ്ഞുകെട്ടി കൈവശം വച്ചുകൊണ്ടിരുന്നു. ബാല്യോചിതങ്ങളായ പല ലീലകൾ ചെയ്തുകൊണ്ടു് ഉത്സാഹത്തോടുകൂടി അവർ നടന്നുകൊണ്ടിരുന്നു. ഈ അവസരത്തിൽ ദുഷ്ടനായ അഘാസുരൻ ശ്രീകൃഷ്ണന്റെ ശത്രുവായ കംസന്റെ കല്പനയനുസരിച്ചു് ശ്രീകൃഷ്ണനേയും അദ്ദേഹത്തിന്റെ ജ്യേഷ്ഠനായ ബലഭദ്രനേയും എങ്ങനെയെങ്കിലും വധിക്കാൻ തക്കം നോക്കി വരികയായിരുന്നു. ഈ സന്ദൎഭംതന്നെയാണു് തന്റെ ഉദ്ദേശസാദ്ധ്യത്തിനു പററിയ സമയം

എന്നു കരുതി മായാവിയായ ആ അഘാസുരൻ വലുതായ ഒരു മലമ്പാമ്പിന്റെ രൂപം ധരിച്ച് ഈ കുട്ടികൾക്കു കടന്നു പോകേണ്ടതായ വഴിയിൽ ചെന്നു വായുംപിളൎന്നു കിടപ്പായി. അവന്റെ വിസ്താരമേറിയ വക്ത്രം ഒരു ഗുഹയാണെന്നല്ലാതെ അതൊരു മലമ്പാമ്പിന്റെ വായാണെന്നു് ആ ഇടയക്കുട്ടികൾക്കു ധരിക്കാൻ സാധിച്ചില്ല. ശ്രീകൃഷ്ണൻ അല്പം പിന്നിലായി നടന്നുചെന്നിരുന്നതുകൊണ്ടു് അദ്ദേഹം ആ കുട്ടികളെ തടഞ്ഞുനിറുത്തുന്നതിനു മുൻപിൽ അവരെല്ലാം പശുക്കളോടുകൂടി ആ മലമ്പാമ്പിന്റെ വായിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. അസുരന്റെ ആഹ്ലാദത്തിന്നു് അതിരില്ലാതായി. പ്രധാനമായി ശ്രീകൃഷ്ണനെ വധിക്കണമെന്നായിരുന്നു അവന്റെ ഉദ്ദേശം. അതുകൊണ്ടു് ശ്രീകൃഷ്ണൻ കൂടി വായിൽ വന്നു കയറിയാലുടനെ എല്ലാവരേയും ഒന്നിച്ചു് വിഴുങ്ങിക്കളയാമെന്നുള്ള കരുതലോടുകൂടിയായിരുന്നു അവന്റെ അപ്പോഴത്തെ ഇരിപ്പ്. ശ്രീകൃഷ്ണനും ആ ദുഷ്ടന്റെ വദനഗഹ്വരത്തിൽ പ്രവേശിക്കതന്നെ ചെയ്തു. തന്റെ ഉദ്ദേശം സാധിച്ചുവെന്നു കരുതി ആ അസുരൻ വളരെ സന്തോഷിച്ചു. എന്നാൽ അടുത്ത ക്ഷണം ശ്രീകൃഷ്ണന്റെ ചെറുതായിരുന്ന ശരീരം പൎവ്വതാകാരമായി വൎദ്ധിച്ച് അസുരന്റെ വദനദ്വാരം മുഴുവൻ അടച്ചുകളഞ്ഞു. അവൻ ശ്വാസംമുട്ടി വല്ലാതെ വിഷമിച്ചു. അവന്റെ വദനഗഹ്വരത്തിൽ തടയപ്പെട്ട ശ്വാസവായു ആ ദുഷ്ടന്റെ മൂൎദ്ധാവിനെ പിളൎന്നുകൊണ്ടു വെളിയിൽ നിൎഗ്ഗമിച്ചു. അപ്രകാരം അവന്റെ മൂൎദ്ധാവിലുണ്ടായ വലിയ ദ്വാരംവഴി എല്ലാഗോപബാലന്മാരോടും പശുക്കളോടുംകൂടി പുറത്തുകടന്നു് ശ്രീകൃഷ്ണൻ വനപ്രദേശത്തേയ്ക്കു തിരിച്ചു. വലു

തായ മലമ്പാമ്പിനെ കൊന്നു് തങ്ങളേയും പശുക്കളേയും രക്ഷിച്ച ശ്രീകൃഷ്ണൻെറ മാഹാത്മ്യംകണ്ടു് ആ ഗോപബാലന്മാർ ഏററവും ആശ്ചയ്യപ്പെട്ടു.

അവർ പശുക്കളെ മേയ്ക്കാനുദ്ദേശിച്ചിരുന്ന കാട്ടിൽ ചെന്നുചേൎന്നു. നല്ല പുല്ലുള്ള പ്രദേശത്തു് പശുക്കളെയെല്ലാം പ്രവേശിപ്പിച്ചിട്ടു് ആ കുട്ടികൾ സമീപത്തുതന്നെയുണ്ടായിരുന്ന ഒരു നദിയുടെ മണൽത്തിട്ടയിൽ സന്തോഷത്തോടുകൂടി പല നേരമ്പോക്കുകളും പറഞ്ഞു കുറേ നേരം കഴിച്ചുകൂട്ടി. “നമുക്കു് വിശന്നു തുടങ്ങിയിരിക്കുകയാൽ മനോഹരമായ ഈ മണൽത്തിട്ടയിൽ ഇരുന്നു തന്നെ നമ്മുടെ ഭക്ഷണസാധനങ്ങളെ നമുക്കു് സുഖമായ് ഭക്ഷിക്കാം” എന്നു് ആ ഇടയക്കുട്ടികളോടു ശ്രീകൃഷ്ണൻ പറയുകയാൽ അവർ അത്യാഹ്ലാദഭരിതരായിട്ടു് അപ്രകാരം ചെയ്യാനൊരുങ്ങി. നടുവിൽ ശ്രീകൃഷ്ണനും ചുററും ഗോപബാലന്മാരും ആയിട്ടു് അവരെല്ലാം ആ മണൽത്തിട്ടയിൽ ഇരുന്നു് അവരവരുടെ ഭക്ഷണപ്പൊതികൾ അഴിച്ചു് ഭക്ഷിച്ചു തുടങ്ങി.

ആ സന്ദർഭത്തിൽ ദേവേന്ദ്രാദികളേക്കൂടി കിടുകിടെ വിറപ്പിക്കത്തക്ക ബലമുള്ളവനായ അഘാസുരനെ ഈ ഇടയക്കുട്ടിയുടെ രൂപം ധരിച്ചിരിക്കുന്ന ശ്രീകൃഷ്ണൻ സംഹരിച്ച സങ്ഗതിയറിഞ്ഞ ബ്രഹ്മാവിനു് ഏററവും ആശ്ചയ്യം തോന്നുകയും ശ്രീകൃഷ്ണനെ ഒന്നു പരീക്ഷിക്കണമെന്നു് ആഗ്രഹമുദിക്കുകയും ചെയ്കകൊണ്ടു് അദ്ദേഹം സത്യലോകത്തുനിന്നുപുറപ്പെട്ടു് അവിടെ ചെന്നുചേൎന്നു. തന്നെ അവർ അറിയാതിരിക്കത്തക്കവിധത്തിൽ ബ്രഹ്മാവു മറവിലായ് സ്ഥിതിചെയ്തു്. ആ സന്ദർഭത്തിൽ സമീപപ്രദേ

ശത്തു പുല്ലുമേയാൻ വിട്ടയച്ചിരുന്ന പശുക്കൾ കുറെ അകലെ പോയിക്കൊണ്ടിരിക്കുന്നതു് അവർ കാണുകയും, എല്ലാവരും അല്പം പരിഭ്രമിച്ചു് അവയെ തിരിയെ സമീപപ്രദേശത്തുതന്നെ കൊണ്ടുവന്നു മേയ്ക്കണമെന്നുള്ള വിചാരത്തോടുകൂടി, ഭക്ഷണം മതിയാക്കി എഴുന്നേററു പുറപ്പെടുവാൻ ഉദ്യമിക്കുകയും ചെയ്തതുകണ്ടു് ശ്രീകൃഷ്ണൻ ഇപ്രകാരം പറഞ്ഞു—"സ്നേഹിതന്മാരെ! നിങ്ങളാരും ഭക്ഷണം മതിയാക്കി എഴുന്നേൽക്കരുതു്. ഞാൻ മാത്രം ഇതാ പോയി അവയെ സമീപത്തേയ്ക്കു് ആനയിച്ചുകൊള്ളാം"—ഇതുകേട്ട ഇടയക്കുട്ടികൾ സന്തുഷ്ടരായി പൂർവസ്ഥിതിയിൽതന്നെ ഇരുന്നു് ഭക്ഷണം കഴിച്ചുതുടങ്ങി. ശ്രീകൃഷ്ണനാകട്ടെ കൈയ്യിൽ കമ്പും കുഴലും എടുത്തുകൊണ്ടു് പശുക്കൾ പോയിക്കൊണ്ടിരുന്ന പ്രദേശത്തേയ്ക്കു പുറപ്പെട്ടു. പശുക്കൾ മുന്നോട്ടുതന്നെ മെല്ലെമെല്ലെ നടന്നുകൊണ്ടിരിക്കയായിരുന്നു. ശ്രീകൃഷ്ണൻ അവയെ പിന്നോട്ടു കൊണ്ടുവരാൻ അവയുടെ സമീപത്തേയ്ക്കു വേഗത്തിൽ ഓടിത്തുടങ്ങി. കുറച്ചുദൂരം പോയിട്ടു് തൻെറ സ്നേഹിതന്മാരെ ഒന്നു തിരിഞ്ഞുനോക്കി. എന്നാൽ അപ്പോൾ അവർ ഇരുന്നിരുന്ന സ്ഥലത്തു് ഒരു ഇടയക്കുട്ടിയെപ്പോലും കാണുകയുണ്ടായില്ല. ശ്രീകൃഷ്ണൻ ആശ്ചര്യത്തോടുകൂടി ഇടയക്കുട്ടികളെ അന്വേഷിച്ചു് തിരിയെ മുമ്പിലത്തെ മണൽത്തിട്ടയിൽ ചെന്നു് നാലുപാടും തെരഞ്ഞുനോക്കി. അവരെ കാണാൻ സാധിച്ചില്ല. എന്നാൽ പശുക്കുട്ടികളെ അന്വേഷിക്കാമെന്നു കരുതി അങ്ങോട്ടു തിരിച്ചു. അവയേയും കാണുന്നില്ല. ഇതാരുടെ ഇന്ദ്രജാലമാണെന്നറിയാൻ അദ്ദേഹം ഒന്നു മനസ്സിരുത്തി ആലോചിച്ചു. ബ്രഹ്മാവിൻെറ

മായാപ്രയോഗമാണിതെന്നു് ഉടനെ അദ്ദേഹത്തിന്നു മനസ്സിലായി. അദ്ദേഹത്തിൻെറ മനോഹരമായ വദനാരവിന്ദം മന്ദമായൊന്നു പുഞ്ചിരിതൂകി. സകലജീവികളുടേയും പിതാമഹനായ ബ്രഹ്മാവിൻെറ ചാപല്യമോർത്തു് അദ്ദേഹം തെല്ലുവിസ്മയപ്പെട്ടു. അനന്തരക്ഷണത്തിൽ തന്നെ മുമ്പിലത്തെ മണൽത്തിട്ടയിൽ മുമ്പിലിരുന്ന ഗോപബാലന്മാർ അതേ നിലയിൽതന്നെ ഭക്ഷണം ചെയ്തു കൊണ്ടിരിക്കുന്നു. സമീപത്തുതന്നെ അതേ പശുക്കുട്ടികൾ പുല്ലുമേയുന്നു. എല്ലാം പഴേനിലയിൽ തന്നെ നടക്കുന്നു. സായംകാലവും വന്നു. പതിവുപോലെ ഇടയക്കുട്ടികളും ശ്രീകൃഷ്ണനും പശുക്കുട്ടികളേയും നയിച്ചുകൊണ്ടു് വൃന്ദാവനത്തിലുള്ള വാസസ്ഥാനത്തു ചെന്നുചേൎന്നു. ഇടയക്കുട്ടികൾ അവരവരുടെ പശുക്കുട്ടികളെ കൂട്ടിക്കൊണ്ടു് അവരവരുടെ ആലയങ്ങളിൽ പ്രവേശിച്ചു. നിശാകാലംകഴിഞ്ഞു് അടുത്തദിവസവുംപ്രഭാതത്തിൽ പതിവുപോലെ അവർ മുൻപിലത്തെ വനപ്രദേശത്തിലെത്തി പശുക്കുട്ടികളെ പതിവുപോലെമേച്ചിട്ടു് സായംകാലം അവരവരുടെ വീടുകളിൽ ചെന്നുചേൎന്നു. ഇത്തരത്തിൽ ഒരു കൊല്ലംകഴിഞ്ഞു. എന്നാൽ ഈ ഒരു കൊല്ലക്കാലം ആ ഇടയക്കുട്ടികളോടു് അവരുടെ അച്ഛനമ്മമാൎക്കു തോന്നിയ സ്നേഹഭാവം മുൻപിലത്തതിനേക്കാൾ ആയിരം മടങ്ങു വർദ്ധിച്ച മട്ടിലായിരുന്നു. ഇപ്രകാരം ഇടയക്കുട്ടികളോടും അവർ മേച്ചുവന്ന പശുക്കുട്ടികളോടും അവിടത്തെ ഇടയജനങ്ങൾക്കു തോന്നിയ വൎദ്ധിച്ച ആ സ്നേഹഭാവമൊന്നൊഴിച്ചു് മററു യാതൊന്നിലും ഒരു വ്യത്യാസവും അവിടെ സംഭവിച്ചില്ല.

ബ്രഹ്മാവാകട്ടെ ആ മണൽത്തിട്ടയിൽ ഭക്ഷണംകഴിച്ചുകൊണ്ടിരുന്ന ഇടയക്കുട്ടികളേയും പുല്ലുമേയാനദൃശ്യമിച്ച

പോയിക്കൊണ്ടിരുന്ന പശ്ശുക്കുട്ടികളേയും തൻെറ മായകൊണ്ടു വേറൊരിടത്താക്കി മറച്ചുവച്ചിട്ട് തൻെറ വാസസ്ഥലത്തേയ്ക്കു ഗമിച്ചു. അവിടെചെന്നപ്പോഠം അവിടത്തെ ദ്വാരപാലന്മാർ "കള്ളൻ ഇതാവരുന്നു. നമ്മുടെ സ്വാമി പറഞ്ഞിരുന്ന വിദ്വാൻ ഇവൻ തന്നെയാണ്. കണ്ടാൽ നമ്മുടെ സ്വാമിയായ ബ്രഹ്മാവാണെന്നല്ലാതെ ആരും പറയുകയില്ല. ഇവൻ എത്ര സമത്ഥനാണ്. ഇവനെ നല്ലപാഠം പഠിപ്പിക്കണം" എന്നു പറഞ്ഞുകൊണ്ട് ആയുധപാണികളായിട്ടു ബ്രഹ്മാവിനേ പ്രഹരിക്കാൻ തുടങ്ങി. അദ്ദേഹം വല്ലാതെ പരിഭ്രമിച്ചു. "എൻെറ ഭൃത്യന്മാർതന്നെ എന്നെ പ്രഹരിക്കാൻ തുടങ്ങുന്നുവല്ലോ. ഇതെന്താണ്? ആശ്ചര്യമായിരിക്കുന്നു," എന്നു വിചാരിച്ചുകൊണ്ട് അവരോടു പറഞ്ഞു "ഹേ ദ്വാരപാലന്മാരേ! ഞാൻതന്നെയാണ് നിങ്ങളുടെ സ്വാമിയായ ബ്രഹ്മാവ്. നിങ്ങഠം ഇപ്രകാരം സ്വാമിദ്രോഹം ചെയ്യാനൊരുങ്ങുന്നതെന്തുകൊണ്ടാണ്?" ഇതുകേട്ടിട്ടു ദ്വാരപാലന്മാർ വീണ്ടും ക്രുദ്ധരായിട്ടു പ്രഹരിച്ചു തുടങ്ങി. നിവൃത്തിയില്ലാതായപ്പോഠം ബ്രഹ്മാവ് അവിടെ നിന്നുമോടി മറഞ്ഞു രക്ഷപ്പെട്ടു.

അനന്തരം ബ്രഹ്മാവ് ശ്രീകൃഷ്ണനിപ്പോഠം ഏതുമട്ടിൽ വത്തിക്കുന്നുവെന്നറിവാനായ। ആ വനപ്രദേശത്തുള്ള മുൻപിലത്തെ മണൽത്തിട്ടയിൽ ചെന്നുചേന്നു. അവിടെ മുമ്പിലത്തെ ഇടയക്കുട്ടികളും പശ്ശുക്കുട്ടികളും ശ്രീകൃഷ്ണനും മുമ്പിലത്തേതിലുമധികമായി കളിച്ചു പുളച്ചുമോദിച്ചിരിക്കുന്നതുകണ്ട് 'ഞാൻ മായയാൽമറച്ചുവച്ചിരുന്ന ഈ ഇടയക്കുട്ടികളേയും പശ്ശുക്കുട്ടികളേയും ഇദ്ദേഹം എങ്ങനെയാണ് ഇവിടെ കൊണ്ടുവന്നതു്?' എന്നു വിചാരിച്ച്

ബ്രഹ്മാവു് ആശ്ചര്യപരതന്ത്രനായിച്ചമഞ്ഞു. താൻ അവ രെ മറച്ചുവച്ചിരുന്ന സ്ഥലത്തുചെന്നു് ഒന്നു നോക്കിക്കള യാം എന്നു വിചാരിച്ചു് അവിടെച്ചെന്നു് അദ്ദേഹം പരി ശോധിച്ചു. താൻ മറച്ചുവച്ചിരുന്ന ഇടയക്കുട്ടികളും പശു ക്കുട്ടികളും അവിടെത്തന്നെയിരിക്കുന്നതായി അദ്ദേഹം ക ണ്ടു. അദ്ദേഹത്തിൻെറ ആശ്ചര്യം ആയിരം മടങ്ങു വൎദ്ധി ച്ചു. വീണ്ടും ശ്രീകൃഷ്ണൻെറ സമീപത്തിൽ ചെന്നു നോക്കി. ആ ഇടയക്കുട്ടികളും പശുക്കുട്ടികളും അവിടെയുംകാണ്മാനു ണ്ടു്. ബ്രഹ്മാവു് വല്ലാതെ അമ്പരന്നുനിന്നുപോയി. അല്പ നേരംകഴിഞ്ഞപ്പോൾ ശ്രീകൃഷ്ണനും പശുക്കുട്ടികളും ഇടയ ക്കുട്ടികളും അവരുടെ കൈവശമുണ്ടായിരുന്ന സകലസാധ നങ്ങളും പ്രത്യേകം പ്രത്യേകം-നീലമേഘശ്യാമളന്മാരും, മഞ്ഞനിറത്തിലുള്ള പട്ടുവസ്ത്രമുടുത്തിരിക്കുന്നവരും ശ ങ്ഖം, ചക്രം, ഗദ, പത്മം എന്നീ ആയുധമേന്തീട്ടുള്ള ന ന്നാലു കൈകളോടുകൂടിയവരും, മനോഹരമായ കിരീടം, കു ണ്ഡലം, മുക്താഹാരം, വനമാല എന്നിവയെധരിച്ചവരും, മാറിടത്തിൽ ശ്രീവത്സമെന്നു പേരായ അടയാളമുള്ളവരും, നൂപുരം കടകം കടിസൂത്രം അങ്ഗുലീയകം മുതലായവ അ ണിഞ്ഞിരിക്കുന്നവരും, അടിതൊട്ടു മുടിവരെ നീണ്ടുകിടക്കു ന്നപുതിയ തുളസീമാലുകൊണ്ടു് അലങ്കരിച്ചവരും, യക്ഷഗ ന്ധൎവ്വകിന്നരാദികളാൽ നൃത്യഗീതവാദ്യാദികൾ കൊണ്ടു് സേവിയ്ക്കപ്പെടുന്നവരും ബ്രഹ്മാദിസകലദേവന്മാരാലും അണിമാദ്യൈശ്വൎയ്യസമൂഹങ്ങളാലും ചുററപ്പെട്ടവരുമായ അനേകായിരം ശ്രീനാരായണസ്വരൂപികളായി വിളങ്ങി.

അപ്പോൾ അവിടെ ആ ഇടയക്കുട്ടികളാകട്ടെ, പശു ക്കുട്ടികളാകട്ടെ, ശ്രീകൃഷ്ണനാകട്ടെ കാണപ്പെട്ടില്ല. എത്ര

യെത്ര ശ്രീനാരായണമൂർത്തികൾ! അവർ ഓരോരുത്തരുടേയും അടുക്കൽ വണക്കത്തോടുകൂടി സ്ഥിതിചെയ്യുന്നവരായ വേധസ്സുകൾ എത്ര പേരുണ്ടെന്നുള്ള ഒരു കണക്ക തിട്ടപ്പെടുത്താൻ നിവൃത്തിയില്ല. ബ്രഹ്മാവു് സ്വഭിന്നന്മാരായ അനേകായിരം ബ്രഹ്മാക്കന്മാരേ അവിടെക്കണ്ടു് വെറും ഒരു പാവയെപ്പോലെ നിശ്ചേഷ്ടനായി നിന്നുപോയി. ബ്രഹ്മാവിൻെറ അഹങ്കാരം നിശ്ശേഷം ക്ഷയിച്ചു. അദ്ദേഹം ഭഗവാൻെറ അളവില്ലാത്തവയും അത്യാശ്ചൎയ്യകരങ്ങളുമായ മഹിമകളെപ്പററിച്ചിന്തിച്ചുകൊണ്ടു് ഒരു ശിശുവിനെപ്പോലെ നിലകൊണ്ടു. ഇത്തരത്തിൽ അല്പനേരം കഴിഞ്ഞപ്പോൾ അവിടത്തെ രങ്ഗമൊന്നു മാറി. മുമ്പിലത്തെ ഇടയക്കുട്ടിയുടെ രൂപത്തിലുള്ള ആ ശ്രീകൃഷ്ണൻ ഏകാകിയായി വർത്തിക്കുന്നതായ ഒരു രങ്ഗമാണു് ബ്രഹ്മാവു പിന്നീടു കണ്ടതു്.

കൂരിരുട്ടിനെ മറയ്ക്കാനൊരുങ്ങുന്ന മഞ്ഞിൻെറ ശക്തിയും, പകലിൽ പ്രകാശിക്കാനൊരുങ്ങുന്ന ഖദ്യോതത്തിൻെറ തേജസ്സുംപോലെ — യോഗമായാധീശ്വരനായ ശ്രീകൃഷ്ണനിൽ പ്രയോഗിക്കാനൊരുമ്പെട്ട തൻെറ മായാശക്തി നിഷ്ഫലമായി എന്നു് ബ്രഹ്മാവിനു നല്ലതുപോലെ ബോധ്യംവന്നു. അദ്ദേഹം വേഗത്തിൽ ഭക്തിയോടുകൂടി ശ്രീകൃഷ്ണഭഗവാനെ വണങ്ങുകയും സ്തുതിക്കുകയും, താൻ മറച്ചുവച്ചിരുന്ന ഇടയക്കുട്ടികളേയും പശുക്കുട്ടികളേയും തിരിയെ കൊണ്ടുചെന്നു സമൎപ്പിക്കുകയും ചെയ്തിട്ടു വിടവാങ്ങിക്കൊണ്ടു് സത്യലോകത്തു ചെന്നുചേൎന്നു. ഇതിനു മുൻപിൽ ബ്രഹ്മാവിൻെറ വേഷത്തിൽ സത്യലോകത്തുചെന്നു് ദ്വാരപാലന്മാരോടു്—“ഞാനൊരുകാൎയ്യമായി വേറൊരിടത്തു പോവുകയാണു്. ഒരു മായാവിയായ അസുരൻ എൻെറ

വേഷത്തിൽ പല സ്ഥലത്തും സഞ്ചരിച്ച് പല അക്രമങ്ങളും പ്രവത്തിക്കുന്നുണ്ട്. കുറേക്കഴിയുമ്പോൾ അവൻ ഇവിടെയും വന്നുചേരും. ഞാനാണു ബ്രഹ്മാവ് എന്നു പറയും. അവന് നിങ്ങൾ നല്ല സമ്മാനം കൊടുത്തയച്ചേയ്ക്കണം." എന്നു ചട്ടംകെട്ടിയിരുന്നതു് ശ്രീകൃഷ്ണൻ തന്നെ ആയിരുന്നു. അതുകൊണ്ടാണ് ബ്രഹ്മാവിനെ അദ്ദേഹത്തിൻെറ ഭൃത്യന്മാർ ഉപദ്രവിക്കാനൊരുങ്ങിയതു്. തൻെറ അഹങ്കാരം മുഴുവനും ശമിച്ച് ശ്രീകൃഷ്ണഭഗവാൻെറ തൃപ്പാദങ്ങൾ വണങ്ങി അനുഗ്രഹം വാങ്ങി വീണ്ടും സത്യലോകത്തു ചെന്നുചേന്ന ബ്രഹ്മാവിനെക്കണ്ടപ്പോൾ ദ്വാരപാലന്മാർ യഥോചിതം അദ്ദേഹത്തെ വണങ്ങുകയും ആദരിക്കുകയും ചെയ്തു. സവ്വേശ്വരനായ ശ്രീകൃഷ്ണഭഗവാനെക്കൂടി പരീക്ഷിക്കണമെന്ന് തനിക്കു തോന്നിയതിനെക്കുറിച്ച് അദ്ദേഹം പശ്ചാത്തപിക്കുകയും ശ്രീകൃഷ്ണഭഗവാനെ ധ്യാനിക്കുകയും ചെയ്തുകൊണ്ടു് യഥാപൂവ്വം വത്തിച്ചു.

ശ്രീകൃഷ്ണനാകട്ടെ—ഇടയക്കുട്ടികളേയും പശുക്കുട്ടികളേയും ബ്രഹ്മാവ് മറച്ചുകളഞ്ഞതറിഞ്ഞു് താൻതന്നെ ആ ഇടയക്കുട്ടികളും, പശുക്കുട്ടികളും, അവരുടെ കൈവശമുണ്ടായിരുന്ന സകലവസ്തുക്കളും ആയി രൂപം ധരിച്ചു വത്തിച്ചുവരികയായിരുന്നു. അതുകൊണ്ടായിരുന്നു ആ ഒരുകൊല്ലക്കാലം ഇടയക്കുട്ടികളോടും മററും അവരുടെ അച്ഛനമ്മമാക്കു ക്രമത്തിലധികം സ്നേഹം തോന്നിയിരുന്നതു്. ബ്രഹ്മാവിൻെറ അഹങ്കാരം മുഴുവൻ ശമിച്ചപ്പോൾ അവയെ ഒക്കെ മറച്ചിട്ട് താനൊരുവനായി സ്ഥിതിചെയ്തു. ബ്രഹ്മാവു പിന്നീട് തിരിയെകൊണ്ടുവന്ന് ഏല്പിച്ച തൻെറ സ്നേഹിതന്മാരായ വാസ്തവത്തിലുള്ള ഗോപബാലന്മാരേയും പശുക്കുട്ടികളേയും കൂട്ടിക്കൊണ്ടു് ശ്രീകൃഷ്ണൻ പതിവു

പോലെ ആവാസസ്ഥലത്തു ചെന്നു ചേരുകയും വിഹരിക്കയും ചെയ്തു. ഒരു കൊല്ലക്കാലം ബ്രഹ്മാവിൻെറ മായയാൽ മറച്ചുവയ്ക്കപ്പെട്ട അവൎക്ക് യാതൊന്നും അറിയാനിടയായില്ല. അന്നുതന്നെയാണു മലമ്പാമ്പിനെ ശ്രീകൃഷ്ണൻ സംഹരിച്ചതെന്ന് അവർ വിചാരിച്ചു. ആ ഇടയക്കുട്ടികൾ വൈകുന്നേരം അവരവരുടെ ഗൃഹങ്ങളിൽചെന്നിട്ട് അച്ഛനമ്മമാരോടു പറഞ്ഞതിപ്രകാരമായിരുന്നു:— "ഇന്നുകാലത്തു പശുക്കുട്ടികളെ മേയ്ക്കാൻ ഞങ്ങൾ കാട്ടിലേയ്ക്കു പോയപ്പോൾ ഞങ്ങളെയെല്ലാം വിഴുങ്ങുവാനൊരുമ്പെട്ട ഒരു വലിയ മലമ്പാമ്പിനെ ശ്രീകൃഷ്ണൻ വധിച്ച് ഞങ്ങളെ രക്ഷപ്പെടുത്തി.'' ഇതുകേട്ട് നന്ദഗോപർ തുടങ്ങിയ സകലഗോപന്മാരും ആശ്ചൎയ്യപ്പെടുകയും ശ്രീകൃഷ്ണനേപ്പററി പലവിധത്തിൽ പ്രശംസിക്കുകയും ചെയ്തു.

---

## ൩. ഒരു രാജാവു പഠിച്ച ലോകതത്ത്വം.

---

മുൻകാലത്തു താരാപുരമെന്ന രാജ്യത്തിൽ 'സോമദത്തൻ' എന്നു പേരായ ഒരു രാജാവു വളരെക്കാലം രാജ്യം ഭരിച്ചുവന്നിരുന്നു. അദ്ദേഹത്തിന്ന് "സുമതി" എന്നു പേരായ ഒരു മന്ത്രിയുണ്ടായിരുന്നു. ഒരു ദിവസം രാജാവ് മന്ത്രിയെ വിളിച്ച് ഇപ്രകാരം ചോദിച്ചു:—സുമതേ! നമ്മുടെ പ്രജകൾക്കു നമ്മേപ്പററിയുള്ള അഭിപ്രായം ഏതുതരത്തിലുള്ളതാണ്?—ഇതിന്നു മറുപടിയായി മന്ത്രി

പറഞ്ഞു:—"ഈക്കാര്യം പ്രത്യക്ഷമായിട്ടുതന്നെ അവിടു ത്തേയ്ക്കു ഞാൻ ബോധ്യമാക്കിത്തരാം. നാളെ രാവിലെ അവിടുന്ന് എൻെറകൂടെ പോരണം. ഞാൻ പലതരത്തിലുള്ള ആളുകളോട്ട് പലവിധത്തിൽ സംഭാഷണം ചെയ്യുന്നതു് അവിടുന്ന് കേട്ടുകൊണ്ടിരിക്കുകയല്ലാതെ യാതൊന്നും കല്പിക്കരുതു്." ഇപ്രകാരമായ നിബന്ധനയനുസരിച്ച് അടുത്തദിവസം രാവിലെ രണ്ടുപേരും വേഷംമാറി കൊട്ടാരത്തിൽനിന്നും പുറപ്പെട്ടു യാത്ര തുടങ്ങി. മൂന്നാലു മൈൽ അകലത്തു ചെന്നപ്പോഠം ഒരു ഗ്രാമത്തിൽ ഒരു ഗൃഹത്തിൻെറ നടയിൽ കുറെ വിറകു കീറിക്കൊണ്ടു് ക്രമത്തിലധികം ക്ഷീണിച്ചു ക്ലേശിക്കുന്ന ഒരു വൃദ്ധനെ അവർ കാണുവാനിടയായി. അയാളെ കണ്ടപ്പോഠം രാജാവിനു് അവനിൽ വലിയ ദയ തോന്നി. "കഷ്ടം! ഈ വൃദ്ധൻ ശരീരശക്തി തീരെ ക്ഷയിച്ചിട്ടും ഈ കീറാമുട്ടികഠം കീറുന്നതിനു് എത്ര പാടുപെടുന്നു! നമ്മുടെ രാജ്യത്തിൽ ഇതുപോലെ ക്ലേശിച്ചു വലയുന്ന ജനങ്ങഠം അനവധിയുണ്ടായിരിക്കാം. എൻെറ രാജ്യഭരണം വേണ്ടവിധത്തിലായിട്ടില്ലെന്നുള്ളതിനു് ഇതുതന്നെ ഒരു നല്ല ദൃഷ്ടാന്തമായിരിക്കുന്നു." എന്നീവിധത്തിലുള്ള വിചാരങ്ങളായിരുന്നു സോമദത്തനു് അപ്പോഠം തോന്നിയതു്. സുമതിയാകട്ടെ, ആ വൃദ്ധൻെറ സമീപത്തുചെന്നു് അയാളോട്ട് ഇപ്രകാരം പറഞ്ഞുതുടങ്ങി. "എടോ സാധുമനുഷ്യ! ഈ വാർദ്ധക്യകാലത്തു് ഇത്തരത്തിൽ എന്തിനു ക്ലേശിക്കുന്നു? നിന്നെപ്പോലെ അനേകം പാവപ്പെട്ട ജനങ്ങഠം ജീവിതനിർവ്വഹണത്തിനു വഴിയില്ലാതെ വലയുവാനിടവരുത്തുന്ന ഈ രാജ്യത്തിലെ രാജാവു നീചൻതന്നെയാണെന്നുള്ളതിനു് സംശയമില്ല." ഇതുകേട്ടപ്പോഠം ആ വൃദ്ധൻ

കൈക്കൂപ്പിക്കൊണ്ടു വണക്കത്തോടുകൂടി പറഞ്ഞു:— "യജമാനൻ അപ്രകാരം പറയരുതേ! നമ്മുടെ പൊന്നുതമ്പുരാൻ വലിയ ധർമ്മിഷ്ഠനാകുന്നു. അവിടുന്ന് മഹാദയാലുവും, സദ്ഗുണങ്ങൾക്കിരിപ്പിടവുമാണെന്നുള്ള സംഗതി സർവ്വത്ര പ്രസിദ്ധമായിട്ടുള്ളതാണ്. ഞാൻ ഇത്തരത്തിൽ ക്ലേശിക്കുന്നതിനു പൊന്നുതമ്പുരാനാണോ കാരണമാകുന്നത് ഒരിക്കലുമല്ല. എന്റെ കർമ്മംതന്നെയാണ് അതിനു കാരണമായിട്ടുള്ളത്." ഇതത്രയും കേട്ടുകൊണ്ടു സുമതി സോമദത്തനെ കൂട്ടിക്കൊണ്ട് അവിടെനിന്നു യാത്രതുടങ്ങി. കുറെ കഴിഞ്ഞപ്പോൾ അവർ വേറൊരു ഗ്രാമത്തിൽ ചെന്നുചേൎന്നു. അപ്പോൾ അവിടെ ഒരു യുവതി തലയിൽ തൈർക്കലവും എടുത്തുകൊണ്ട് തൈർ വില്ക്കുവാൻ പോകുന്നതു കണ്ടു. അവൾ മോടിയായ വസ്ത്രാഭരണാദികൾ അണിഞ്ഞും, തീരെ വിനയം ഇല്ലാത്ത ഭാവത്തിലും ആണ് കാണപ്പെട്ടത്. അവളെ കണ്ടപ്പോൾ തന്നെ രാജാവിനു വലിയ വെറുപ്പുതോന്നി. "ഇവൾ വലിയ ദുഷ്ടയാണ്. തൈർ വിററു കാലക്ഷേപം കഴിക്കുന്ന ഇവൾക്ക് എന്തൊരഹങ്കാരമാണു കാണുന്നത്." എന്നീവിധം വിചാരിച്ചുകൊണ്ടാണ് രാജാവ് നടന്നിരുന്നത്. മന്ത്രി അവളുടെ സമീപത്തുചെന്ന് ഇപ്രകാരം ചോദിച്ചു:—"ഹേ യുവതി! നിന്നോട് ഒരു കാൎയ്യം ചോദിക്കട്ടേ. ഈ രാജ്യത്തിലെ രാജാവു ദുഷ്ടനാ ശിഷ്ടനോ ഏതുതരക്കാരനാണ്?" ഇതിനു മറുപടിയായി അവൾ പറഞ്ഞു:—"മഹാദുഷ്ടൻ, അവന്റെ പേരുപോലും പറയരുത്. ഇത്ര അധർമ്മിഷ്ഠനും അയോഗ്യനുമായിട്ടുള്ളവൻ എവിടെയെങ്കിലുമുണ്ടോ?" ഈ വാക്കുകൾ കേട്ടപ്പോൾ രാജാവിനു ദുസ്സഹമായ കോപം തോന്നി. എങ്കിലും

മന്ത്രിയോടു ശപഥം ചെയ്തിരുന്നതനുസരിച്ച് അപ്പോൾ അദ്ദേഹം മൌനമേ അവലംബിച്ചുള്ളു. അനന്തരം മന്ത്രി രാജാവിനെ കൂട്ടിക്കൊണ്ടു് അവിടെനിന്നു തിരിച്ചു് കൊട്ടാരത്തിൽ ചെന്നുചേൻറു. "ഇപ്പോൾ അവിടുത്തേയ്ക്കു കാൎയ്യം മനസ്സിലായിരിക്കുമല്ലോ?" എന്നു മന്ത്രി ചോദിച്ചതിനുത്തരമായി "എനിക്കൊന്നും മനസ്സിലായില്ല" എന്നു രാജാവു പറഞ്ഞു. "ആ വൃദ്ധൻ തിരുമേനിയെ വളരെ പ്രശംസിക്കയല്ലേ ചെയ്തതു്?" എന്നുള്ള ചോദ്യത്തിനു് "ആ തൈർക്കാരി വളരെ നിന്ദിക്കുകയാണല്ലോ ഉണ്ടായതു്." എന്നായിരുന്നു രാജാവിൻെറ മറുപടി. "ഇപ്പോൾ കാൎയ്യം മനസ്സിലായിരിക്കുമല്ലോ, എന്നു ഞാൻ ചോദിച്ചതു് അതുകൊണ്ടുതന്നെയാണു്." എന്നു സുമതിയും— "അഭിപ്രായം സ്പഷ്ടമായിപ്പറയുക, എനിക്കു വിശേഷിച്ചൊന്നും മനസ്സിലായില്ല" എന്നു സോമദത്തനും പറഞ്ഞു. "വിറകുവെട്ടുകാരനായ ആ വൃദ്ധനെ കണ്ടപ്പോൾ അവനിൽ അവിടുത്തേയ്ക്കു് വലിയ ദയ തോന്നി. അതനുസരിച്ചു് അവനും അവിടുത്തെപ്പററി വലിയ ബഹുമാനമുണ്ടായി. തൈർ വില്ക്കുന്ന സ്ത്രീയെ കണ്ടപ്പോൾ അവിടുത്തേയ്ക്കു് അവളെപ്പററിത്തോന്നിയതുപോലെ അവൾക്കും അവിടുത്തെപ്പററി വെറുപ്പു തോന്നി. മറെറാരുവനെപ്പററി നാം വിചാരിക്കുന്നതുപോലെ ആയിരിക്കും അവൻ നമ്മെപ്പററി വിചാരിക്കുന്നതും. ഇതാകുന്നു ലോകതത്ത്വം" എന്നു മന്ത്രി പറഞ്ഞപ്പോൾ രാജാവിനു കാൎയ്യം മനസ്സിലായി. അദ്ദേഹം മന്ത്രിയെ വളരെ പ്രശംസിച്ചു.

# ൪ ധ്രുവൻ.

---

ഭാരതഖണ്ഡത്തിൽ പണ്ട് ഉത്താനപാദൻ എന്നു പേരായ ഒരു മഹാരാജാവു രാജ്യം ഭരിച്ചുവന്നിരുന്നു. അദ്ദേഹത്തിന്നു സുനീതിയെന്നും സുരുചിയെന്നും രണ്ടു ഭാര്യമാരുണ്ടായിരുന്നു. അവരിൽ സുരുചിയിൽ ആ രാജാവിന്നു വലിയസ്നേഹവും സുനീതിയിൽ വലിയ വെറുപ്പും ഉളവായി. അദ്ദേഹത്തിന്നു സുനീതിയിൽ ധ്രുവൻ എന്നും, സുരുചിയിൽ ഉത്തമൻ എന്നും ഓരോ പുത്രന്മാർ ജനിച്ചു. ഒരുദിവസം സുരുചിയുടെ പുത്രനായ ഉത്തമനെ ഉത്താനപാദൻ മടിയിൽ കേററിയിരുത്തി ലാളിച്ചുകൊണ്ടിരുന്നപ്പോൾ ധ്രുവൻ ഓടിച്ചെന്നു് അദ്ദേഹത്തിൻെറ മടിയിൽ കേറാൻ ഭാവിച്ചു. അതു കണ്ടുകൊണ്ടിരുന്ന സുരുചി വേഗത്തിൽ അവിടെച്ചെന്നു് ധ്രുവനെപിടിച്ചുവലിച്ചു് രാജാവിൻെറ മടിയിൽനിന്നും താഴത്തിറക്കിവിട്ടിട്ടു് ഇപ്രകാരം പറഞ്ഞു:—"എടാ ധ്രുവ! രാജാവിൻെറ മടിയിൽ കേറിയിരിക്കാൻ നിനക്കു യോഗ്യതയില്ല. എൻെറ ഉദരത്തിൽ നീ ജനിച്ചിരുന്നുവെങ്കിൽ നിനക്കിപ്പോൾ അപ്രകാരം ചെയ്യാൻ ഭാഗ്യം സിദ്ധിക്കുമായിരുന്നു. എന്നാൽ നീ നിർഭാഗ്യതകൊണ്ടു വേറൊരു സ്ത്രീയുടെ ഉദരത്തിലാണു് ജനിച്ചിരിക്കുന്നതു്. അതിനാൽ രാജാവിൻെറ മടിയിൽ കേറിയിരിക്കണമെന്നു നിനക്കു് ആഗ്രഹം തോന്നുന്നുണ്ടെങ്കിൽ തപസ്സുകൊണ്ടു ശ്രീനാരായണനെ സന്തോഷിപ്പിച്ചിട്ടു് എൻെറ ഗർഭത്തിൽ ജന്മം സിദ്ധിക്കുവാൻ വരം വാങ്ങിക്കുക." ഇപ്രകാരമുള്ള സുരുചിയുടെ പരുഷവാക്കുകൾ കേട്ടുകൊണ്ടിരുന്ന തൻെറ പിതാവായ ആ

രാജാവും മൌനമായിരിക്കുന്നതുകണ്ടിട്ടു് ദുഃസഹമായ രോഷംപൂണ്ട ധ്രുവൻ വടികൊണ്ടടിയേററ സപ്പംപോലെ ഒന്നു ദീർഘമായി നിശ്വസിച്ചു. ക്രമത്തിലധികം സങ്കടം തോന്നിയതുകൊണ്ടു് കുറച്ചുനേരം പൊട്ടിക്കരഞ്ഞു. വേഗത്തിൽ അവിടെനിന്നും പുറപ്പെട്ടു് തൻെറ അമ്മയായ സുനീതിയുടെ സമീപം ചെന്നുചേന്നു. സുനീതി മകൻെറ കരച്ചിൽകണ്ടു പരിഭ്രമിച്ചു് അവനെ എടുത്തു മടയിൽ വച്ചുകൊണ്ടു് ഇപ്രകാരം വിഷാദപ്പെടുന്നതിനുള്ള കാരണമെന്തെന്നു് ചോദിച്ചു. വിഷാദാധിക്യംനിമിത്തം ധ്രുവനു് ഒന്നും പറയുവാൻ സാധിച്ചില്ല. ഈ സംഭവം കണ്ടുകൊണ്ടിരുന്ന ചിലർ ഈ സങ്ഗതിയെപ്പററിപ്പറഞ്ഞുകൊണ്ടിരുന്നതു് സുനീതി കേട്ടു കാൎയ്യം മനസ്സിലാക്കി. കാൎയ്യം അറിഞ്ഞപ്പോൾ സുനീതിക്കുണ്ടായ വിഷാദത്തിനു് അതിരില്ലാതായി. കുറേനേരം അവളും കരഞ്ഞു.

പിന്നീടു് കുഞ്ഞിനെ നോക്കി ഇപ്രകാരം പറഞ്ഞു. "കുഞ്ഞേ! നാം ചെയ്തിട്ടുള്ള ദുഷ്കൃതങ്ങളുടെ ഫലമാണു നാം അനുഭവിക്കുന്നതു്. നാം അന്യരേ കുററപ്പെടുത്തീട്ടു് പ്രയോജനമില്ല. നമ്മെ ഉപദ്രവിച്ചാലും അന്യൎക്കു് അനിഷ്ടം സംഭവിക്കണമെന്നു് നാം വിചാരിക്കരുതു്. അപ്രകാരം വിചാരിച്ചാൽ ആ അനിഷ്ടം നാം തന്നെ അനുഭവിക്കേണ്ടിവരും. ആ സുരുചി നിന്നോടു പറഞ്ഞതു പരമാൎത്ഥം തന്നെയാണു്. രാജാവിനാൽ വെറുക്കപ്പെട്ട ഭാഗ്യഹീനയായ എൻെറ ഉദരത്തിൽ ജനിച്ചു് എൻെറ സ്തന്യം പാനം ചെയ്തു വളൎന്നതുകൊണ്ടാണു് നിനക്കു് ഈ ഭാഗ്യദോഷം നേരിട്ടതു്. ആ സുരുചി നിൎദ്ദയയോടുക്രൂടിയാണെങ്കിലും നിന്നോടു പറഞ്ഞ വാക്കുകൾ ശരിയായിട്ടുള്ളവയാണു്. നീ മാത്സൎയ്യം വിട്ടു് ശ്രീനാരായണൻെറ തൃപ്പാ

ദങ്ങളെ വഴിപോലെ ഭജിക്കുക. നിൻെറ സർവാഭീഷ്ടവും സിദ്ധിക്കുന്നതാണ്. യാതൊരു ദേവൻെറ തൃപ്പാദങ്ങളെ സേവിച്ചതുകൊണ്ടാണോ ബ്രഹ്മാവ് സർവോൽകൃഷ്ടമായ പദം പ്രാപിച്ചു സുഖിക്കുന്നത്, യാതൊരു ദേവനേ യാഗങ്ങൾകൊണ്ടു പ്രസാദിപ്പിച്ചിട്ടാണോ നിൻെറ പിതാമഹനായ മനു അന്യൎക്കു ദുർല്ലഭങ്ങളായ സകലസുഖങ്ങളും അനുഭവിച്ചത്, ഭക്തവത്സലനും മോക്ഷേച്ഛുക്കളാൽ ആരാധിക്കപ്പെടുന്നവനും ആയ ആ പുരുഷോത്തമനെ നീ ഭജിക്കുക. നിൻെറ ദുഃഖത്തിനു ശമനം വരുത്താൻ അദ്ദേഹത്തിനു മാത്രമേ ശക്തിയുള്ളു. സകലജനങ്ങളാലും ആരാധിക്കപ്പെടുന്ന സാക്ഷാൽ ലക്ഷ്മീദേവി പോലും അദ്ദേഹത്തിൻെറ തൃപ്പാദങ്ങളെ അർച്ചിക്കുവാനായി തൻെറ തൃക്കൈയ്യിൽ താമരപ്പൂവെടുത്തുകൊണ്ടു് എപ്പോഴും കാത്തിരിക്കുന്നു".

ഇപ്രകാരം അമ്മ പറഞ്ഞ വാക്കുകൾ കേട്ട് ധ്രുവൻ വേഗത്തിൽ അവിടെ നിന്നു പുറപ്പെട്ടു നടന്നു തുടങ്ങി. എവിടേയാണ് പോകേണ്ടത്; എങ്ങിനെയാണ് ശ്രീനാരായണനെ ഭജിക്കേണ്ടത്; എന്നും മററുമുള്ള വിവരം ബാലനായ ധ്രുവന് അപ്പോൾ ഉണ്ടായിരുന്നില്ല. അവൻ വേഗത്തിൽ ഏതോ ഒരു വഴിയിൽക്കൂടി മുറയ്ക്കു നടന്നു. കുറെനേരം കഴിഞ്ഞപ്പോൾ ഒരു വനപ്രദേശത്തിൽ ചെന്നുചേന്നു. അപ്പോൾ അവൻെറ ഭാഗ്യംകൊണ്ടു് ശ്രീനാരദമഹർഷി ആ വഴിക്കു വന്നുകൊണ്ടിരിക്കുകയായിരുന്നു. ബാലനായ ധ്രുവനെ കണ്ടപ്പോൾ നാരദൻ ജ്ഞാനദൃഷ്ടികൊണ്ട് കാര്യം മുഴുവൻ മനസ്സിലാക്കി. കോമളാകൃതിയായ ആ രാജകുമാരൻെറ ഇച്ഛ അറിഞ്ഞപ്പോൾ നാരദമഹർഷിക്ക് വലിയ വിസ്മയം തോന്നി. അദ്ദേഹം ഇപ്ര-

കാരം മനസ്സുകൊണ്ടു വിചാരിച്ചു. "അല്പംപോലും മാനഭങ്ഗം സഹിക്കാൻ ക്ഷമയില്ലാത്ത ക്ഷത്രിയരുടെ തേജസ്സ് ആശ്ചര്യകരം തന്നെ. ഇവൻ ബാലനായിരുന്നിട്ടും സുരുചിയുടെ പരുഷവാക്കുകളെപ്പററി എത്ര ഗൌരവമായി വിചാരിക്കുന്നു". അനന്തരം നാരദൻ ആ രാജകുമാരനോടു് ചോദിച്ചു. "കുഞ്ഞേ! സകലസമൃദ്ധിയും നിറഞ്ഞ ഗൃഹം ഉപേക്ഷിച്ചിട്ട് നീ എങ്ങോട്ടാണ് പോകുന്നതു്? ബന്ധുജനത്തിൽ നിന്നുമുള്ള അവമാനമേററു വലിയ സന്താപം പൂണ്ടവനെപ്പോലെയാണ് നിന്നെക്കണ്ടപ്പോൾ എനിക്കു തോന്നിയതു്. നിന്നെപ്പററിയുള്ള വിവരം വിശദമായിപ്പറഞ്ഞു് എന്നെ മനസ്സിലാക്കുക". ധ്രുവൻ—"അങ്ങു് യോഗദൃഷ്ടികൊണ്ടു് കാര്യം അറിഞ്ഞിരിക്കുമല്ലോ. ആ സുരുചിയുടെ വാക്കുകൊണ്ടു വ്രണപ്പെട്ടിരിക്കുന്ന എൻെറ മനസ്സിനെ സമാധാനപ്പെടുത്താൻ എനിക്കു ലേശവും ശക്തിയില്ല" എന്നുത്തരം പറഞ്ഞു. നാരദൻ—"കുഞ്ഞേ! കളിപ്രായത്തിലിരിക്കുന്ന ബാലനായ നിനക്കു് ആരുടേയും അവമാനവും ബഹുമാനവും ഗണിക്കേണ്ടതായിട്ടില്ലല്ലോ. ദൈവസങ്കല്പം അനുസരിച്ച് സംഭവിക്കുന്ന സുഖദുഃഖങ്ങളെ നാം അനുഭവിക്കയല്ലാതെ ആ സന്ദർഭങ്ങളിൽ സന്തോഷിക്കുകയോ സന്താപപ്പെടുകയോ ചെയ്തിട്ടു കാര്യമില്ല. അതുകൊണ്ടു് നീ മനസ്സിനെ സമാധാനപ്പെടുത്തി വീട്ടിലേയ്ക്കു മടങ്ങുക. നീ യാതൊരു ദേവനെ തപസ്സുകൊണ്ടു് പ്രസാദിപ്പിക്കാൻ ആഗ്രഹിക്കുന്നുവോ, ആ ദേവൻെറ ആരാധനയിൽ, അനേകം ജന്മങ്ങളിൽ തീവ്രതപസ്സുകൾ ചെയ്തു വിഷമിക്കുന്ന മഹർഷികൾപോലും അസമർത്ഥന്മാരായി കിടന്നുവലയുന്നു. അതുകൊണ്ടു് നിൻെറ ആ നിഷ്ഫലമായ സങ്കല്പം വിട്ടുകള

യുക. തന്നിൽ നിന്നും ഉയൎന്നനിലയിൽ ഇരിക്കുന്നവരുടെ പ്രീതി സമ്പാദിക്കുക, സമാനന്മാരോട് സ്നേഹമായി വൎത്തിക്കുക, ദൈവസങ്കല്പമനുസരിച്ചു സംഭവിക്കുന്ന സുഖദുഃഖങ്ങളെ ക്ഷമയോടുകൂടി അനുഭവിക്കുക, ഇത്തരത്തിൽ ജീവിതം നയിക്കുന്നവന് ഒരിക്കലും സന്താപപ്പെടാൻ ഇടവരികയില്ല. അതുകൊണ്ടു് നീ നിൻെറ വീട്ടിലേയ്ക്കു തിരിച്ചുപോയി അമ്മയോടുകൂടി സുഖമായിരിക്കുക'' എന്നുപദേശിച്ചു.

ഇതുകേട്ടു് ധ്രുവൻ പറഞ്ഞു—"അങ്ങു പറയുന്നതു് വാസ്തവമായിരിക്കാം. എന്നാൽ സുരുചിയുടെ വാക്ശരങ്ങൾകൊണ്ടു് പിളൎക്കപ്പെട്ട എൻെറ ഹൃദയത്തിൽ അങ്ങയുടെ ഈ ഉപദേശത്തിനു് തീരേ സ്ഥാനമില്ലെന്നു അങ്ങറിയണം. ഒന്നുകിൽ എൻെറ പിതൃപിതാമഹന്മാരാൽകൂടി പ്രാപ്തമല്ലാത്തതും ത്രിഭുവനോൽകൃഷ്ടവും ആയ ഒരു സ്ഥാനം ഞാൻ സമ്പാദിയ്ക്കും. അല്ലെങ്കിൽ എൻെറ ഈ ശരീരം ഞാൻ തപസ്സു ചെയ്തു ക്ലേശിപ്പിച്ചു് ഉപേക്ഷിക്കും. ബ്രഹ്മാവിൻെറപുത്രനും ജഗത്തിൻെറ ഹിതത്തിനുവേണ്ടി സൎവ്വദാ വീണാപാണിയായി ഈശ്വരമഹിമകളേ ഗാനം ചെയ്തുകൊണ്ടു് സൎവ്വത്ര സഞ്ചരിക്കുന്നവനും ആയ അങ്ങു് എൻെറ ഈ അഭീഷ്ടം നിറവേറാൻ വല്ല മാൎഗ്ഗവും ഉണ്ടെങ്കിൽ അതെനിക്കു് ഉപദേശിച്ചുതരിക. അല്ലാത്തപക്ഷം അങ്ങയുടെ പാട്ടിനു പൊയ്ക്കൊള്ളുക'',

ധ്രുവൻെറ ദൃഢമായ ഈ സങ്കല്പമറിഞ്ഞു സന്തുഷ്ടനായ നാരദൻ ദയയോടുകൂടി ഇപ്രകാരംപറഞ്ഞു. "ധ്രുവ! നിന്നേ ഒന്നു പരീക്ഷിപ്പാനാണു് ഞാൻ ഇപ്രകാരം പറഞ്ഞതു്. എന്നാൽ നിനക്കു് ഭഗവത്പ്രസാദം സിദ്ധി

ക്കവാനുള്ള അർഹതയുണ്ടെന്ന് എനിക്കിപ്പോൾ ബോദ്ധ്യം വന്നിരിക്കുന്നു. യമുനാനദീതീരത്തിൽ മധുവനം എന്നുള്ള പുണ്യസ്ഥലത്തു ചെന്നു നീ ശ്രീനാരായണനെ സേവിക്കുക. പുണ്യതീർത്ഥമായ യമുനയിൽ സ്നാനം ചെയ്തതിനുശേഷം പ്രാണായാമംകൊണ്ടു സകലമലവും ശമിപ്പിച്ചിട്ട് മനസ്സിൽ സർവ്വലോകഗുരുവും, പ്രസാദാഭിമുഖനും, സർവാങ്ഗസുന്ദരനും, തരുണനും, ആശ്രിതവത്സലനും, കരുണാസമുദ്രവും, നീലമേഘംപോലെ ശ്യാമളമായ വർണ്ണമുള്ളവനും, പുരുഷോത്തമനും, പുഞ്ചിരി തൂകുന്ന മുഖാരവിന്ദത്തോടുകൂടിയവനും വരദനും, മങ്ഗളസ്വരൂപനും, ആയ ഭഗവാൻെറ ദിവ്യമങ്ഗളസ്വരൂപത്തെ ധ്യാനിക്കുക—മൌനിയായി വർത്തിക്കുക. പരിശുദ്ധമായ വന്യഫലം മിതമായി ഭക്ഷിക്കുക. ഇപ്രകാരം കുറേക്കാലം ആരാധിച്ചാൽ ഭക്തവത്സലനായ ശ്രീനാരായണൻ സകലശ്രേയസ്സും അനുഗ്രഹിച്ചു നൽകുന്നതാണ്".

മഹർഷിയുടെ ഈ ഉപദേശം ശ്രവിച്ചമാത്രയിൽ ധ്രുവൻ സന്തുഷ്ടനായിച്ചമഞ്ഞു. വേഗം മഹർഷിയെ വണങ്ങി അദ്ദേഹത്തിൻെറ അനുവാദം വാങ്ങിക്കൊണ്ടു മധുവനത്തിലെത്തി, മഹർഷിയുടെ ഉപദേശപ്രകാരമനുഷ്ഠിച്ചു. അങ്ങനെ ആറുമാസം പ്രവർത്തിച്ചു വന്ന ധ്രുവനു ഭക്തവത്സലനായ ശ്രീനാരായണൻ പ്രത്യക്ഷീഭവിച്ചു വേണ്ടവരം കൊടുത്തനുഗ്രഹിച്ചിട്ട് അന്തർദ്ധാനം ചെയ്തു. കൃതാർത്ഥനായ ധ്രുവൻ അവിടെനിന്നു പുറപ്പെട്ട് സ്വന്തം രാജ്യത്തു ചെന്നുചേർന്നു.

മുൻപ് ധ്രുവൻ കാട്ടിലേയ്ക്കു പുറപ്പെട്ടതറിഞ്ഞു വളരെ പശ്ചാത്തപിച്ചുകൊണ്ടിരുന്ന ഉത്താനപാദൻ വീണ്ടും ധ്രുവനെക്കണ്ടപ്പോൾ വർദ്ധിച്ച സന്തോഷത്തോടുകൂടി അവനെ എതിരേററു സൽക്കരിച്ചു.

ഈശ്വരാനുഗ്രഹം സിദ്ധിച്ചവനും സകലസദ്ഗുണങ്ങളും തികഞ്ഞവനുമായ ധ്രുവനെ രാജാവാക്കി അഭിഷേകം ചെയ്തതിനുശേഷം ഉത്താനപാദൻ വാനപ്രസ്ഥാശ്രമം സ്വീകരിച്ചു. സുരുചിയുടെ പുത്രനായ ഉത്തമൻ ഒരു ദിവസം വേട്ടയ്ക്കായി കാട്ടിൽ പോയിരുന്ന സമയം ഒരു യക്ഷൻ അയാളെ വധിച്ചുകളഞ്ഞു. മകനെ അന്വേഷിച്ചു കാട്ടിൽ ചെന്നവളായ സുരുചി അവിചാരിതമായി കാട്ടുതീയിലകപ്പെട്ടു മരിച്ചുപോയി. ഉത്തമനെ യക്ഷൻ വധിച്ചതറിഞ്ഞു ധ്രുവൻ യക്ഷന്മാരോടു പൊരുതു് അനേകം യക്ഷന്മാരെ വധിച്ചപ്പോൾ യക്ഷന്മാരുടെ അധിപനായ കുബേരൻ ധ്രുവനു പല വരങ്ങൾ കൊടുത്തു സമാധാനപ്പെടുത്തി. അനന്തരം ധ്രുവൻ മാതാവോടുകൂടി സകലഭാഗ്യവുമനുഭവിച്ചുകൊണ്ടു വളരെക്കാലം രാജ്യം ഭരിച്ചിട്ടു് ഭഗവദനുഗ്രഹസിദ്ധമായ "ധ്രുവം" എന്ന സ്ഥാനം പ്രാപിച്ചു വിളങ്ങിവരുന്നു.

---

## ൭. പ്രഹ്ലാദൻ.

---

മുൻകാലത്തു ഹിരണ്യകശിപു എന്നു പ്രസിദ്ധനായ ഒരസുരൻ സകലഭുവനവും വശീകരിച്ചു ഭരിച്ചുവന്നിരുന്നു. സകലജനങ്ങളും തന്നെപ്പററി സ്തുതിക്കണം, യാഗാദികളിലുള്ള ഹവിർഭാഗം തനിക്കു തന്നെയാണു് നൽകേണ്ടതു്, മററൊരു ദേവൻെറ പേരുപോലുമാരുമുച്ചരിക്കരുതു്, എന്നും മററുമായിരുന്നു അയാളുടെ നിബന്ധന. ഇതിനു വ്യത്യസ്തമായി പ്രവത്തിക്കുന്നവരെ അവൻ നിർദ്ദയമായി വധിക്കുക പതിവായിരുന്നു. അയാളുടെ ഉപദ്രവം നി

മിത്തം സജ്ജനങ്ങൾക്ക കഴിച്ചു കൂട്ടാൻ ഒരു നിവൃത്തിയുമില്ലാതെയാണു വന്നുകൂടിയതു്.

ഹിരണ്യകശിപുവിനു 'കയാധു' എന്നു പേരായ ഒരു ഭാര്യയുണ്ടായിരുന്നു. അവളിൽ ജനിച്ച നാലു പുത്രന്മാരിൽ പ്രഥമനായ പ്രഹ്ലാദൻ പിതാവിനു നേരെ വിപരീതമായ പ്രകൃതിയുള്ളവനായിരുന്നു. അവൻ ബാല്യം മുതൽക്കു സകലസദ്ഗുണത്തിനും വിളനിലമായിട്ടാണു വൎത്തിച്ചതു്. അനവരതം നാരായണനാമോച്ചാരണത്തിൽ നിരതനായിരുന്ന പ്രഹ്ലാദൻ ശുക്രപുത്രന്മാരായ ശണ്ഡാമൎക്കന്മാർ പഠിപ്പിച്ചു വന്ന വിദ്യയിൽ തീരെ ശ്രദ്ധയുള്ളവനായിരുന്നില്ല.

ഒരു ദിവസം ഹിരണ്യകശിപു പ്രഹ്ലാദനെ മടിയിലിരുത്തിക്കൊണ്ടു ചോദിച്ചു. "മകനേ! നീ ഇതുവരെ പഠിച്ചിട്ടുള്ള പാഠങ്ങളിൽ ഏതെങ്കിലും ഒരു ഭാഗം പറയുക. നിനക്കു പഠിപ്പിലുള്ള സാമൎത്ഥ്യമെത്രത്തോളമുണ്ടെന്നു ഞാൻ മനസ്സിലാക്കട്ടെ"—ഇപ്രകാരം ഹിരണ്യകശിപു ചോദിച്ചതിനു പ്രഹ്ലാദൻ മറുപടി പറഞ്ഞു. "പിതാവേ! ഇക്കാണുന്ന സൎവ്വചരാചരത്തിനും അധീശ്വരനായ ശ്രീനാരായണന്റെ തൃപ്പാദസേവ സകലജനങ്ങൾക്കും സൎവ്വാഭീഷ്ടപ്രദവും സൎവ്വാനൎത്ഥനാശകവുമായിട്ടുള്ളതാണു്. ഞാൻ പഠിച്ച ഭാഗങ്ങളിൽ ഉത്തമമായ പാഠം ഇതു തന്നെയാകുന്നു". ഇതുകേട്ടു് കോപാക്രാന്തനായ അസുരൻ പുത്രന്റെ അദ്ധ്യാപകന്മാരായ ശണ്ഡാമൎക്കന്മാരോടു കയൎക്കുകയും മേലാൽ ഇപ്രകാരം അസംബന്ധം പഠിപ്പിക്കരുതെന്നു ചട്ടം കെട്ടുകയുംചെയ്തു. എന്നാൽ ശണ്ഡനും അമൎക്കനും ഇത്തരത്തിലൊരുപാഠം പ്രഹ്ലാദനെപഠിപ്പിച്ചിരുന്നില്ല. തങ്ങളെ

നല്ല പാഠം പഠിപ്പിക്കത്തക്കമെട്ടിൽ ഈ പാഠം അവനെ പഠിപ്പിച്ചതാരാണെന്നറിയാതെ അവർ വിഷമിച്ചു. അവർ പ്രഹ്ലാദനെ കൂട്ടിക്കൊണ്ടു വിദ്യാലയത്തിൽ പ്രവേശിച്ചിട്ട് അവനോടു ചോദിച്ചു. "ഈ വിഡ്ഢിത്തം നിന്നെ പഠിപ്പിച്ചതാര്?" പ്രഹ്ലാദൻ പറഞ്ഞു, "ഞാൻ പറഞ്ഞതു സർവ്വശാസ്ത്രതത്വമായ കാര്യമാണ്. ജഗദ്ഗുരുവായ സർവ്വേശ്വരൻ തന്നെയാണ് അതെനിയ്ക്കു പഠിപ്പിച്ചതു്".

"കഷ്ടം! ഇവൻ അസുരന്മാരാകുന്ന ചന്ദനവൃക്ഷങ്ങളുടെ ഇടയിൽ ഒരു കണ്ടകദ്രുമവും ദൈതേയതരുക്കളെ വെട്ടിക്കളയുന്ന വിഷ്ണുവാകുന്ന പരശുവിന് ഒരു നാളവുമായി തീർന്നിരിക്കുന്നു" എന്നു പറഞ്ഞിട്ടു ചതുരുപായവുമുപയോഗിച്ചു ത്രിവർഗ്ഗസാധനമായ സർവ്വവിദ്യയും പ്രഹ്ലാദനു പറഞ്ഞുകൊടുത്തു.

വേറൊരു ദിവസം ഹിരണ്യകശിപു പ്രഹ്ലാദനേ വിളിച്ചുവരുത്തിട്ടു ചോദിച്ചു. "കുഞ്ഞേ! നീ പഠിച്ചവയിൽ ഒരു നല്ല ഭാഗം എന്നെ പറഞ്ഞുകേൾപ്പിക്കുക. ഇപ്പോൾ നിന്റെ പഠിപ്പ് ഏതു മട്ടിലിരിക്കുന്നുവെന്നു ഞാൻ മനസ്സിലാക്കട്ടെ". ഇതു കേട്ട് പ്രഹ്ലാദൻ പറഞ്ഞു. "ശ്രീനാരായണന്റെ കഥാശ്രവണം, മഹിമാനുവർണ്ണനം, തദീയസ്മരണം തൃപ്പാദപ്രണാമം, അർച്ചനം, വന്ദനം, ദാസഭാവം, ആത്മനിവേദനം എന്ന് അനേക വിധത്തിലുള്ള ഭക്തി തന്നെയാകുന്നു, സർവ്വോത്തമമായ ശ്രേയസ്സാധനം. ഇതു തന്നെയാണ് ഞാൻ പഠിച്ചവയിൽ ഉത്തമമായിട്ടുള്ളതു്".

ഇത്തരത്തിലുള്ള പ്രഹ്ലാദന്റെ വചനംകേട്ട് ആ അസുരാധിപൻ കോപംകൊണ്ടു വിറച്ചു. അയാൾ സമീപത്തു നിന്നിരുന്ന ശണ്ഡാമാക്കന്മാരെ തുറിച്ചുനോക്കിക്കൊണ്ടു ചോദിച്ചു. "ദുർബുദ്ധികളേ! എന്റെ വേതനം പററി നിത്യവൃത്തി കഴിച്ചുപോരുന്ന നിങ്ങൾ എന്റെ ശത്രുവിൽത്തന്നെ പുത്രനെ ബദ്ധരാഗനാക്കിത്തീർത്തിരിക്കുന്നതു വളരെ നന്നായി!" ഇതുകേട്ടു ഭയാക്രാന്തരായ ശണ്ഡാമക്കന്മാർ പറഞ്ഞു—"അല്ലയോ അസുരരാജാദവ! അവിടുന്നു ഞങ്ങളോടു കോപിക്കരുതേ. പ്രഹ്ലാദൻ പറഞ്ഞതായ ഭാഗം ഞങ്ങൾ ഒരിക്കലും അവനെ പഠിപ്പിച്ചിട്ടില്ലാത്തതാകുന്നു." ഇതുകേട്ട് അസുരാധിപൻ പ്രഹ്ലാദനോടു ചോദിച്ചു—'എടാ, ദുർബുദ്ധി! എന്റെ ശത്രുവായ നാരായണനിൽ നിനക്കിപ്രകാരം ബഹുമാനം തോന്നുവാനുള്ള കാരണമെന്തു്?' ഇതിനു പ്രഹ്ലാദൻ പറഞ്ഞു—"പിതാവേ! ശാന്തന്മാരായ സജ്ജനങ്ങളുടെ പാദാരവിന്ദധൂളികൊണ്ടു ശിരസ്സിലഭിഷേകം ചെയ്യുന്നവക്കേ സവേശ്വരനായ ഭഗവാനിൽ ഭക്തി ഭവിക്കുകയുള്ളൂ. അഹങ്കാരികളായ മൂഢന്മാക്ക് അതൊരിക്കലും സിദ്ധിക്കുന്നതല്ല."

ഈ വാക്കുകൾ അസുരനെ രോഷാന്ധനാക്കിത്തീർത്തു. അവൻ അടുത്തു നിന്നിരുന്ന ഭടന്മാരോട്, "ഈ നിമിഷം തന്നെ പ്രഹ്ലാദനെ വധിക്കുവിൻ" എന്ന് നിഷ്കരുണാമാജ്ഞാപിച്ചു. ഈ കല്പന കിട്ടിയ അസുരകിങ്കരന്മാർ അതേനിമിഷം പ്രഹ്ലാദനെ പിടിച്ചുകെട്ടി കൊലസ്ഥലത്തുകൊണ്ടുപോയി ശൂലംകൊണ്ടു് അവന്റെ മാറിടത്തിൽ പല തവണ കുത്തിനോക്കി. സവ്വപരിപൂർണ്ണനും

സർവ്വശക്തനുമായ സർവ്വേശ്വരനിൽ മനസ്സുറപ്പിച്ചു ലയിച്ചിരിക്കുന്ന പ്രഹ്ലാദനിൽ ആ ഭൃത്യന്മാരുടെ ശൂലാഘാതം മൃദുലകുസുമാപാതമായിട്ടേ പരിണമിച്ചുള്ളൂ. അവർ വേറെയും പല ആയുധങ്ങളുപയോഗിച്ചു പണിപ്പെട്ടുനോക്കി. യാതൊരു ഫലവും ഉണ്ടായില്ല. ഉടനെ അവർ ഹിരണ്യകശിപുവിനെ ഈ വിവരം പറഞ്ഞു ധരിപ്പിച്ചു. അതുകേട്ടു സംഭ്രാന്തചിത്തനായ അസുരാധിപൻ സർപ്പദംശനം, ആഭിചാരം, മായാപ്രയോഗം, വിഷഭോജനം, അഗ്നിപ്രവേശനം, ജലനിമജ്ജനം, പർവ്വതാവക്ഷേപണം മുതലായ ഘോരകൃത്യങ്ങൾകൊണ്ടു പ്രഹ്ലാദനെ വധിക്കാനുദ്യമിച്ചു. ഈ ഉദ്യമവും ദൈവഹതകൻെറ പരിശ്രമംപോലെ നിഷ്ഫലമായിപ്പരിണമിച്ചു. അതുനിമിത്തം ഹിരണ്യകശിപുവിൻെറ പരിഭ്രമം ശതഗുണം വർദ്ധിച്ചു. അവൻ ഇതികർത്തവ്യതാമൂഢനായിത്തീർന്നിരിക്കുന്നതു കണ്ടിട്ട് ശണ്ഡാമർക്കന്മാർ അവനോടു പറഞ്ഞു—

"അസുരവര്യ! ബാലനായ പ്രഹ്ലാദൻെറ വാക്കിനെ ഇത്രമാത്രം വകവയ്ക്കാനുണ്ടോ? ബാലന്മാർ ചപലപ്രകൃതികളാണല്ലോ. ഇവൻ കുറേ ദിവസംകൂടി കഴിയുമ്പോൾ ശരിയായിവന്നുകൊള്ളും. ഞങ്ങളുടെ പിതാവായ ശുക്രാചാര്യർ വേറോരിടത്തു പോയിരിക്കുന്നതുകൊണ്ട് അദ്ദേഹം മടങ്ങിവരുന്നതുവരെ പ്രഹ്ലാദനെ വരുണപാശംകൊണ്ടു ബന്ധിച്ചു സൂക്ഷിക്കണം. അദ്ദേഹം വന്നാൽ വേണ്ടവിധം പ്രവർത്തിച്ചുകൊള്ളാം."

ഗുരുപുത്രന്മാരുടെ ഈ അഭിപ്രായം യുക്തിയുക്തമാണെന്ന് അസുരാധിപൻ വിചാരിച്ചു. അതനുസരിച്ചു പ്രഹ്ലാദനെ വരുണപാശംകൊണ്ടു ബന്ധിച്ചു. വീണ്ടും

രാജധമ്മങ്ങളുപദേശിച്ച് അവനെ നന്നാക്കുന്നതിന് അധ്യാപകന്മാരേ നിയോഗിക്കുകയും ചെയ്തു.

ശണ്ഡാമക്കന്മാർ അപ്രകാരം പ്രഹ്ലാദനെ പഠിപ്പിച്ചുവന്നു. ഒരു ദിവസം അധ്യാപകന്മാർ രണ്ടുപേരും കായ്യാന്തരവ്യാപൃതരായിട്ട വേറൊരിടത്തു പോയിരുന്ന സമയം പ്രഹ്ലാദൻ തൻെറ സഹപാഠികളായ അസുരബാലന്മാരോടു പറഞ്ഞു—"സ്നേഹിതന്മാരെ! ഇക്കാണുന്ന സവ്വവസ്തുവും സവ്വശക്തനായ ജഗദീശ്വരൻെറ ആധീന്യത്തിലുള്ളവയാണ്. അദ്ദേഹം ആകാശം പോലെ സവ്വത്ര വ്യാപിച്ചവനും സവ്വജ്ഞനും സവ്വശക്തനുമാകുന്നു.

ഈശ്വരാനുഗ്രഹം സിദ്ധിക്കാത്തവൻെറ ജന്മം വ്യത്ഥമായിത്തീരുന്നു. എല്ലാപ്രാണികളിലും ദയയുള്ളവരായി വത്തിക്കുന്നവർ സവ്വേശ്വരനായ ശ്രീനാരായണൻെറ കരുണയ്ക്കു പാത്രീഭവിക്കും. ശ്രീനാരദമഹർഷിയുടെ ഉപദേശംകൊണ്ടാണ് എനിക്കു ഭഗവദ്ഭക്തി സിദ്ധിച്ചിരിക്കുന്നതു്". ഇതുകേട്ട് ആശ്ചയ്യത്തോടുകൂടി ആ അസുരബാലന്മാർ ചോദിച്ചു—"പ്രഹ്ലാദ! നീ ഞങ്ങളോടൊപ്പം എപ്പോഴും ഈ വിദ്യാലയത്തിൽ തന്നെയാണല്ലോ പഠിച്ചുവരുന്നതു്. നിനക്കു നാരദമഹർഷി എപ്പോൾ ഉപദേശിച്ചു?"

ഇതിനുത്തരമായി പ്രഹ്ലാദൻ പറഞ്ഞു—"എൻെറ പിതാവായ ഹിരണ്യകശിപു ബ്രഹ്മാവിനെക്കുറിച്ചു തപസ്സുചെയ്യാൻ പോയിരുന്ന സമയം എൻെറ അമ്മ എന്നെ ഗർഭം ധരിച്ചിരിക്കുകയായിരുന്നു. ഹിരണ്യക-

ശിപു ഗൃഹത്തിലില്ലാതിരുന്ന തക്കം നോക്കി ദേവേന്ദ്രൻ അവിടെവന്നു് അമ്മയെ പിടിച്ചുവലിച്ചുകൊണ്ടു പോകാനൊരുമ്പെട്ടു. ആ സന്ദർഭത്തിൽ ശ്രീനാരദമഹർഷി ആകസ്മികമായി അവിടെ വന്നുചേൎന്നു. അദ്ദേഹം ദേവേന്ദ്രൻെറ സാഹസപ്രവൃത്തികണ്ടു് അദ്ദേഹത്തിനോടു പറഞ്ഞു—"ദേവേന്ദ്ര! മററുള്ളവരെ നേർവഴിയിൽ പ്രവൎത്തിപ്പിക്കേണ്ടവനായ അങ്ങുതന്നെ ഇപ്രകാരം അധൎമ്മം പ്രവൎത്തിക്കുന്നതു ന്യായമല്ല. ഇവളെ വിട്ടേയ്ക്കുക".

ഇതുകേട്ടു ദേവേന്ദ്രൻ പറഞ്ഞു—"മഹർഷേ! ഇവൾ ദുഷ്ടനായ ഹിരണ്യകശിപുവിൻെറ ഭാൎയ്യയാണ്. ഇവൾ ഇപ്പോൾ ഗർഭിണിയായിരിക്കുന്നു. ഗൎഭത്തിലിരിക്കുന്ന ശിശു ജനിച്ചുകഴിഞ്ഞാൽ വീണ്ടും ഒരു ദുഷ്ടൻെറ ഉപദ്രവംകൂടി നാം അനുഭവിക്കേണ്ടതായി വരും. അതുകൊണ്ടു് ഇവൾ പ്രസവിക്കുന്നതുവരെ ഇവളെ എൻെറ അധീനതയിൽ സൂക്ഷിക്കണമെന്നും പ്രസവിച്ചാലുടൻ കുഞ്ഞിനെ നിഗ്രഹിച്ചിട്ടു് ഈ സ്ത്രീയെ വിട്ടയക്കണമെന്നും ഉദ്ദേശിച്ചാണു ഞാൻ ഇപ്രകാരം പ്രവൎത്തിക്കുന്നതു്".

ഇതുകേട്ടു നാരദൻ പറഞ്ഞു—"ദേവേന്ദ്ര! ഭവാൻെറ അഭിപ്രായം ശരിയല്ല. ഇവളുടെ ഗൎഭത്തിലിരിക്കുന്നതു ശ്രീപതിഭക്തന്മാരിൽവച്ചു് അഗ്രഗണ്യനായിത്തീരുന്ന ഒരു ശിശുവാണെന്നു ധരിക്കുക". നാരദവചനപ്രകാരം ദേവേന്ദ്രൻ എൻെറ അമ്മയെ വിട്ടുവിച്ചു സ്വസ്ഥാനത്തിലേയ്ക്കു ഗമിച്ചു. ഭീതയായ മാതാവിനെ മഹർഷി ഹിരണ്യകശിപുവിൻെറ പ്രത്യാഗമനംവരെ സ്വാശ്രമത്തിൽ വസിക്കാനനുവദിച്ചു. അപ്രകാരം അമ്മ മഹർഷിയുടെ

ആശ്രമത്തിൽ വസിച്ചുവന്നപ്പോൾ ഒരു ദിവസം അദ്ദേഹം അവരെ വിളിച്ചു ജ്ഞാനോപദേശം ചെയ്തു. യഥാർത്ഥത്തിൽ ഗർഭത്തിലിരുന്ന എന്നേ ഉദ്ദേശിച്ചായിരുന്നു അദ്ദേഹം അപ്രകാരം പ്രവർത്തിച്ചതു്. സ്ത്രീയായതുകൊണ്ടു കുറേക്കാലം കഴിഞ്ഞപ്പോൾ അമ്മയ്ക്കതു മറന്നുപോയി. മഹർഷിയുടെ അനുഗ്രഹപ്രഭാവത്താൽ എനിക്കതു് ഓർമ്മയുണ്ടു്. അമ്മയ്ക്കിഷ്ടമുള്ളപ്പോൾ ഗർഭസ്ഥമായ ശിശുവിനെ പ്രസവിച്ചുകൊള്ളാമെന്നും ആ ശിശുവിനു് യാതൊരു ഹാനിയും വരുന്നതല്ലെന്നുമുള്ള വേറൊരനുഗ്രഹംകൂടി അദ്ദേഹം നൽകി. പിന്നീടു് എൻെറ പിതാവു തപസ്സിൽനിന്നു വിരമിച്ചു തിരിയെ സ്വഗൃഹത്തിൽ വന്നു ചേർന്നപ്പോൾ നാരദമഹർഷി അമ്മയെ അദ്ദേഹത്തിൻെറ അടുക്കൽ പറഞ്ഞയച്ചു. അതിനുശേഷമാണു് അമ്മ എന്നെ പ്രസവിച്ചതു്."

ഇപ്രകാരം പ്രഹ്ലാദൻ വിവരിച്ച വൃത്താന്തം കേട്ടു് ആ അസുരബാലന്മാർ ആശ്ചര്യപ്പെടുകയും പ്രഹ്ലാദൻെറ ഉപദേശമനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

ശണ്ഡാമർക്കന്മാർ തിരിയെ അവിടെ എത്തിയപ്പോൾ അവിടത്തെ നഭോമണ്ഡലം നാരായണനാമസങ്കീർത്തനം കൊണ്ടു മുഖരിതമായിത്തീർന്നിരുന്നു. മററു കുട്ടികളേയും പ്രഹ്ലാദൻ വഴിതെററിച്ചിരിക്കുന്നതറിഞ്ഞു് ആ അധ്യാപകന്മാർ ക്രമത്തിലധികം ഭയാക്രാന്തരായി വിഷമിച്ചു. അതേക്ഷണത്തിൽതന്നെ അവർ ഹിരണ്യകശിപുവിനെ ഈ വിവരം ധരിപ്പിച്ചു.

ആ സ്ഥാനമണ്ഡപത്തിൽ രാജസിംഹാസനത്തെ അലങ്കരിച്ചിരുന്ന ദൈത്യാധിപൻ പ്രഹ്ലാദന്റെ നടപടിയറിഞ്ഞു വീണ്ടും കോപാന്ധനായിത്തീൎന്നു. അതേനിമിഷം ഭൃത്യന്മാരെക്കൊണ്ടു പ്രഹ്ലാദനേ തന്റെ സമീപത്തു് ആനയിപ്പിച്ചു് അധരസ്ഫുരണത്തോടുകൂടി അവൻ ചോദിച്ചു—"എടാ കുലദ്രോഹി! എന്റെ പേരു കേട്ടാൽ തന്നെ ഈ ത്രിഭുവനവും കിടുകിടെ വിറയ്ക്കുമെന്നിരിക്കെ നീ മാത്രം എന്റെ സമീപത്തിൽ ഇത്ര ധിക്കാരിയും ഭയരഹിതനുമായി വൎത്തിക്കുന്നതു് ആരുടെ ബലം കരുതീട്ടാണു്?" അതുകേട്ടു പ്രഹ്ലാദൻ വിനയത്തോടുകൂടി പറഞ്ഞു—"അല്ലയോ അസുരരാജാവെ! അങ്ങയ്ക്കു വരമരുളിയ ബ്രഹ്മദേവൻ ഏതു ബലത്തിന്റെ പ്രഭാവം നിമിത്തം സൃഷ്ടികാൎയ്യം നിൎവ്വഹിക്കുന്നുവോ, ആ ബലത്തെയാണു് ഞാനവലംബിച്ചിരിക്കുന്നതു്. അതുതന്നെയാകുന്നു അങ്ങയുടേയും ബലം. അതുതന്നെയാണു് ഈശ്വരൻ എന്ന പദംകൊണ്ടു വ്യവഹരിക്കപ്പെടുന്നതു്. സൎവ്വശക്തനായ ഈശ്വരൻ സൎവ്വത്ര പരിപൂൎണ്ണനാകുന്നു. അദ്ദേഹം സ്വേച്ഛാനുസരണം സൎവ്വജഗത്തിന്റെയും സൃഷ്ടിസ്ഥിതിസംഹാരകൃത്യങ്ങൾ നടത്തിവരുന്നു. സൎവ്വബന്ധുവായ അദ്ദേഹം ആൎക്കുമൊരിക്കലും ശത്രുവാകുന്നില്ല. ദുൎജ്ജനങ്ങളെശിക്ഷിച്ചു സജ്ജനങ്ങളെ രക്ഷിക്കുന്നവിഷയത്തിൽ ഈശ്വരനായ ശ്രീനാരായണൻ സദാ ജാഗരൂകനാകുന്നു. അങ്ങു ക്രൂരസ്വഭാവം വെടിഞ്ഞു് അദ്ദേഹത്തെ ആരാധിച്ചാൽ സൎവ്വദാ സന്തോഷത്തോടും സമാധാനത്തോടും കൂടി സകലപുരുഷാൎത്ഥവും അനുഭവിക്കാൻ അൎഹനായിത്തീരു

ന്നതാണ്. ബ്രഹ്മാവിൻെറ വരബലം നിമിത്തം ഇന്ദ്രാദി ദേവന്മാരെ ജയിച്ചതുകൊണ്ടു് അങ്ങു സവ്ശത്രുക്കളേയും കീഴടക്കിയതായി വിചാരിക്കുന്നതു ശരിയല്ല. കാമം ക്രോധം ലോഭം മോഹം മദം മാത്സര്യം എന്ന ആറു ദോഷങ്ങളേയാണ് ശത്രുക്കളായി വിചാരിക്കേണ്ടതു്. അവയെ ജയിക്കുന്നവൻ മാത്രമേ ശത്രുക്കളെ ജയിച്ചവനായിത്തീരുകയുള്ളു. ഈ ജയം സിദ്ധിക്കണമെങ്കിൽ സവ്വേശ്വരനെ ഭക്തിപുരസ്സരം ആരാധിക്കണം. മനസ്സിനേയും ഇന്ദ്രിയങ്ങളേയും വശപ്പെടുത്തി സവ്പ്രാണികളിലും സമഭാവനയോടും സന്തോഷത്തോടും കൂടി വത്തിക്കുന്നവന് ഒരിക്കലുമൊരിടത്തും ശത്രുക്കളുണ്ടാകുന്നതല്ല."

ഇപ്രകാരം പ്രഹ്ലാദനിൽ നിന്നുമാവിർഭവിച്ച വചനപവനൻ ദൈത്യാധിപൻെറ കോപാഗ്നിയെ പൂവ്വാധികം ഉജ്ജ്വലിപ്പിച്ചു. അനന്തരക്ഷണത്തിൽ "എടാ ഭ്രാന്താ! നീ ആസന്നമരണനായിരിക്കുന്നു, അതു കൊണ്ടാണ് നീ ഇപ്രകാരം പ്രലപിക്കുന്നതു്, നീ ആരാധിച്ചുവരുന്ന ബലം സവ്ത്ര നിറഞ്ഞിരിക്കുന്നുവെങ്കിൽ ഈ സമീപസ്ഥമായ സ്തംഭത്തിൽ അതെന്തുകൊണ്ടു കാണുന്നില്ല"? എന്നുള്ള ഗർജ്ജനത്തോടുകൂടി ആ അസുരചക്രവത്തി സിംഹാസനത്തിൽ നിന്നും ഉത്ഥിതനായിട്ടു് അടുത്തുണ്ടായിരുന്ന ഒരു തൂണിൽ കൈ ചുരുട്ടിപ്പിടിച്ചു ബലമായൊന്നിടിച്ചു. അതേനിമിഷത്തിൽ ബ്രഹ്മാണ്ഡകടാഹം പൊട്ടിത്തെറിക്കുമാറു് അതിഭയങ്കരമായ ഒരുശബ്ദം ആ സ്തംഭത്തിൽ നിന്നു കേട്ടുതുടങ്ങി. ത്രിഭുവനവും വിറപ്പിച്ചുകൊണ്ടിരുന്ന ഹിരണ്യകശിപു പ്രകൃതശബ്ദവും കേട്ടു

പെട്ടെന്നു ഞെട്ടിപ്പോയി. അതുവരെ ഭയത്തിൻെറ രുചി ആസ്വാദിച്ചറിയാതിരുന്ന ആ അസുരൻ ഈ അവസരത്തിൽ ആദ്യമായിട്ടതു സമൃദ്ധിയായിത്തന്നെ അനുഭവിച്ചുവെന്നുള്ളതിനെ, അവൻെറ ശരീരകമ്പം വെളിപ്പെടുത്തി. ശ്രവണപുടത്തെ വിപാടനം ചെയ്യുന്നതായ ആ ശബ്ദത്തിൻെറ ഉൽപത്തിസ്ഥാനം അവൻെറ അക്ഷിയുഗളത്തെ ആകർഷിച്ചു. അനന്തരക്ഷണത്തിൽ ആ സ്തംഭത്തിൽ നിന്ന് അതിഭയാനകമായ ഒരു നരസിംഹസ്വരൂപം ആവിർഭവിച്ചിരിക്കുന്നതായി അവൻ കണ്ടു. തീയിലിട്ടു പഴുപ്പിച്ച സ്വർണ്ണത്തിനു സവർണ്ണമായി ഉജ്ജ്വലിക്കുന്ന കണ്ണ്, ദീർഘമായ സടാപടലം, കരാളമായ ദംഷ്ട്ര, കരവാളുംപോലെ തിളങ്ങുന്ന ജിഹ്വ, വളഞ്ഞ ഭ്രുകുടി, സ്തബ്ധമായ കർണ്ണം, പർവ്വതഗഹ്വരംപോലെ വിസ്തൃതമായ ആസ്യവും നാസയും, ചുളിഞ്ഞതായ ഹനു, ഹ്രസ്വവും സ്ഥൂലവുമായ ഗ്രീവയും വക്ഷസ്സും, കൃശമായ മദ്ധ്യം, ചന്ദ്രകിരണംപോലെ വിരാജമാനമായ രോമരാജി, നഖമാകുന്ന ആയുധത്തോടുകൂടിയ ഭുജസമൂഹം എന്നിവയേന്തി ആകാശം മുഴുവൻ വ്യാപിച്ചുവിളങ്ങിയ ആ നരസിംഹമൂർത്തിയോട് അസുരകുഞ്ജരന് ഒന്നു പൊരുതേണ്ടതായിത്തന്നെ വന്നു കൂടി.

ഭീമമായ ഒരു ഗദയോടുകൂടി അസുരൻ ഗദാധരനായ ശ്രീനരസിംഹമൂർത്തിയോടടുത്തു. അവരുടെ ഗദാപ്രഹരണസന്ദർഭത്തിലുളവായ "കടകടാ"രവംകൊണ്ടു ബ്രഹ്മാണ്ഡകടാഹം തവിടുപൊടിയായിത്തീർന്നേയ്ക്കുമോ എന്നു കൂടി അടുത്തുനിന്നിരുന്നവർ ഭയപ്പെട്ടുതുടങ്ങി. ദൈത്യ

നെപ്പേടിച്ച് ആദിത്യൻ ഓടിച്ചെന്നു പശ്ചിമസമുദ്രത്തിലിറങ്ങി ഒളിച്ചുനിന്നുകൊണ്ടു് ഈ യുദ്ധത്തിൻെറ പരിണാമഫലം കാണുവാൻ കാത്തുനില്പായി. ആ സന്ധ്യാസമയത്തു് നരസിംഹദേവൻ ഹിരണ്യകശിപുവിനെപ്പിടിച്ചു മടിയിൽ കിടത്തിട്ടു് ഒരു വാതലിൻെറ പടിയിലുപവേശിച്ചു് അവൻെറ മാറിടം കരനഖരംകൊണ്ടു പിളന്നു് അവനെ സംഹരിച്ചു. അവൻെറ അനുചരന്മാരായ മററനേകം ദൈത്യന്മാരും ആ നരസിംഹതേജസ്സിൽ ശലഭങ്ങളായിത്തീൻ. ഭക്തവത്സലനായ ശ്രീനാരായണൻ നരസിംഹാകൃതിയിൽ ആവിർഭവിച്ചതും, സന്ധ്യാസമയത്തു് ഉമ്മറപ്പടിയിലിരുന്നുകൊണ്ടു നഖാഗ്രങ്ങളാൽ അവനെ സംഹരിച്ചതും ബ്രഹ്മാവു ഹിരണ്യകശിപുവിന്നു കൊടുത്തിരുന്ന വരം പുലത്തുവാൻ വേണ്ടിയായിരുന്നു.

“സുരൻ അസുരൻ, മനുഷ്യൻ മൃഗം, ജീവി അജീവി എന്നീത്തരത്തിലുള്ളവരിൽ നിന്നാകട്ടെ, ആയുധം കൊണ്ടാകട്ടെ, വെളിയിലോ ഉള്ളിലോ ഭൂമിയിലോ ആകാശത്തിലോ വച്ചാകട്ടെ, പകലോ രാത്രിയോ ആകട്ടെ തനിക്കു മരണം സംഭവിക്കരുതു്'' എന്നായിരുന്നു ആ അസുരൻ ബ്രഹ്മാവിൽനിന്നു വാങ്ങിയ വരം.

ശത്രുസംഹാരം നടത്തി ഉഗ്രഭാവത്തോടുകൂടി രാജസിംഹാസനത്തിൽ ഉപവേശിച്ചിരിക്കുന്ന ആ നരസിംഹമൂത്തിയുടെ അടുത്തുചെന്നു അദ്ദേഹത്തിൻെറ കോപഭാവം ശമിപ്പിക്കുവാൻ ലക്ഷ്മീദേവികൂടി ധൈയ്യപ്പെട്ടില്ല. ബ്രഹ്മാവു ബാലനായ പ്രഹ്ലാദനോടു ഭഗവാനേ പ്രസാദിപ്പിക്കുവാൻ പ്രാത്ഥിച്ചു, ഉടൻതന്നെ അവൻ ഭഗവാ

ൻെറ സമീപത്തു ചെന്നു സാഷ്ടാങ്ഗം പ്രണമിച്ചു. പ്ര ഹ്ലാദനെ അടുത്തു കണ്ടനിമിഷം കോപഭാവം മുഴുവൻ ശമിച്ച് ഭഗവാൻ പ്രസാദസുമുഖനായി പ്രകാശിച്ചു. ആ ഭക്തവത്സലൻ പ്രണതനായ അസുരബാലൻെറ ശിരസ്സിൽ തൃക്കൈകൊണ്ടു മൃദുവായിട്ടു തലോടിക്കൊണ്ടു കഥിച്ചു— "വത്സ! അസാധാരണമായ നിൻെറ ഭക്തിക്കു ഞാൻ വശ്യനായിത്തീൎന്നിരിക്കുന്നു. ഇഷ്ടമുള്ള വരം വാങ്ങിച്ചുകൊള്ളുക". ഭഗവദ്വചനം കേട്ടു പ്രഹ്ലാദൻ പുഞ്ചിരിതൂകിക്കൊണ്ടു ബോധിപ്പിച്ചു—"പ്രഭോ! എന്നെ ഒരു കച്ചവടക്കാരനാക്കരുതേ! പ്രതിഫലേച്ഛയില്ലാത്തവരായ അവിടുത്തെ ഭക്തന്മാരുടെ കൂട്ടത്തിൽ എനിക്കൊരു സ്ഥാനം കല്പിക്കാൻ ദയ തോന്നേണമേ!"

അതുകേട്ടു ലക്ഷ്മീപതി അരുളിച്ചെയ്തു—"പ്രഹ്ലാദ! ഭവാദൃശന്മാരായ എൻെറ യഥാൎത്ഥഭക്തന്മാർ എന്നിൽനിന്നുമൊന്നും ആഗ്രഹിക്കയില്ലെന്നുള്ളതു പരമാൎത്ഥമാണ്. എങ്കിലും നീ വളരെക്കാലം സകലഭാഗ്യവും അനുഭവിച്ചുകൊണ്ടു ദാനവചക്രവൎത്തിയായി വാഴുക. നിനക്കെന്നും എൻെറ സംസ്മരണം സംഭവിക്കട്ടെ. ഹിരണ്യകശിപുവിൻെറ ദുഷ്കൃത്യംകൊണ്ടു വംശത്തിനുപററിയ കേടും നിൻെറ സദാചാരം നിമിത്തം പാടെ തീൎന്നിരിക്കുന്നു. നിൻെറ പിതാവായതുകൊണ്ടുമാത്രം അവനും പരിശുദ്ധനായിരിക്കുന്നു. നിനക്കു സൎവ്വമംഗളവുമുളവാകട്ടെ."

ഇപ്രകാരം പ്രഹ്ലാദനെ അനുഗ്രഹിച്ചിട്ട് നരസിംഹരൂപത്തിൽ പ്രകാശിച്ചിരുന്ന വൈകുണ്ഠാധീശ്വരൻ അദൃശ്യനായി. അനന്തരം ബ്രഹ്മാദിദേവന്മാർ പ്രഹ്ലാദനെ ദാനവചക്രവൎത്തിയാക്കിപ്പട്ടാഭിഷേകം ചെയ്തിട്ടു സ്വസ്ഥാ-

നത്തേയ്ക്കു പ്രതിഗമിച്ചു. ത്രിഭുവനവാസികളായ സകല ജനങ്ങളും പ്രഹ്ലാദന്റെ ഗുണഗണങ്ങളെപ്പററി പുകഴ്ത്തി. സകലലോകവും സന്തോഷലക്ഷ്മിയുടെ നടനരംഗമായി പ്രകാശിച്ചു.

---

## ൯. ശകുന്തമഹാരാജാവു്.

---

ശകുന്തൻ എന്നു പ്രസിദ്ധനായ ഒരു മഹാരാജാവു് പണ്ടു കാശീരാജ്യം ഭരിച്ചു വന്നിരുന്നു. അദ്ദേഹം സർവ്വ രാജഗുണങ്ങളും തികഞ്ഞ ഒരു മഹാനായിരുന്നു. ലോക കണ്ടകന്മാരായ രാവണാദിരാക്ഷസന്മാരെ സംഹരിച്ചതിനുശേഷം അയോദ്ധ്യയിൽ ചെന്നു രാജ്യഭാരം കൈയേററു് വേണ്ടവിധം ലോകസംരക്ഷണം ചെയ്തുവന്ന ശ്രീരാമസ്വാമിയുടെ ഒരു സാമന്തഭൂപനായിരുന്നു അദ്ദേഹം. ശകുന്തൻ ഒരു ദിവസം നായാട്ടിനായി ഒരു വനത്തിൽ പ്രവേശിച്ചു. മൃഗയാഭിനിവേശം നിമിത്തം അന്നു സന്ധ്യയാകുന്നതുവരെ അദ്ദേഹം വനപ്രദേശത്തുതന്നെ ചുററിക്കൊണ്ടിരുന്നു. സമയമതിക്രമിച്ചതറിഞ്ഞു് രാജാവു് കൊട്ടാരത്തിലേയ്ക്കു മടങ്ങി വരുമ്പോൾ ആ വനത്തിലൊരിടത്തു് വലിയ ദീപപ്രകാശം കാണുവാനിടയായി. നിർജ്ജനമായ വനപ്രദേശത്തിൽ ഇത്തരത്തിലുണ്ടായ വെളിച്ചത്തിനു കാരണമെന്തെന്നറിയുവാൻ ശകുന്തൻ ആ സ്ഥലത്തേയ്ക്കു തിരിച്ചു. അടുത്തുചെന്നു നോക്കിയപ്പോൾ അതൊരു യാഗശാലയാണെന്നു് ആ രാജാവിനു മനസ്സിലായി. അവിടെ വസിഷ്ഠവിശ്വാമിത്രാദികളായ മഹർഷി

പുങ്ഗവന്മാർ ഒന്നിച്ചുകൂടി ഒരു യാഗം നടത്തുകയായിരുന്നു. നൃപതി മഹർഷിമാരുടെ സമീപത്തുചെന്ന് "അല്ലയോ വസിഷ്ഠാദിമഹർഷിവര്യന്മാരേ! ഭവാന്മാരെ ഞാനിതാ പ്രണമിക്കുന്നു'' എന്നു പറഞ്ഞിട്ട് അഭിവാദനം ചെയ്തു. ഇതു കണ്ടു മഹർഷികൾ അദ്ദേഹത്തെ വേണ്ടവിധം അനുഗ്രഹിച്ചിട്ട് സൽകരിച്ചു. ശകുന്തൻ അവരുടെ സൽകാരം സ്വീകരിച്ചു സന്തുഷ്ടനായി അവരോടു യാത്ര പറഞ്ഞു് സ്വഭവനത്തിൽ ചെന്നു ചേർന്നു.

ആ യാഗശാലയിലെ മഹർഷിസംഘത്തിൽ ശ്രീനാരദമഹർഷികൂടി ഉണ്ടായിരുന്നു. ശകുന്തൻ മഹർഷിമാരോടു യാത്ര പറഞ്ഞു തിരിച്ചുവന്നതിനുശേഷം നാരദമഹർഷി വിജനമായ ഒരു സ്ഥലത്തുവെച്ച് വിശ്വാമിത്രനോടു പറഞ്ഞു: "മഹർഷേ! ആ കാശിദേശാധിപൻ പ്രകടിപ്പിച്ച മര്യാദകേടു കുറെ അധികം കടന്നുപോയിരിക്കുന്നു!'' അതു കേട്ട് വിശ്വാമിത്രൻ ചോദിച്ചു—"അദ്ദേഹം മര്യാദകേടു യാതൊന്നും കാണിച്ചില്ലല്ലോ. നേരെമറിച്ച് ഏററവും മര്യാദയായിട്ടുതന്നെയാണല്ലോ ആ രാജാവ് പെരുമാറിയതു്?'' നാരദൻ പറഞ്ഞു — "ശുദ്ധഗതിക്കാരനായ അങ്ങേയ്ക്കു് അയാളുടെ കാപട്യം മനസ്സിലാക്കാൻ സാധിച്ചില്ല. ആ ശകുന്തൻ യാഗശാലയിൽ വെച്ച് മഹർഷിമാരെ അഭിസംബോധനം ചെയ്തപ്പോളുച്ചരിച്ച വാക്ക് ഭവാൻ കേട്ടില്ലായിരിക്കാം. എന്നാൽ ആ വാക്ക് എൻെറ ചെവിക്കു നാരാചമായിട്ടാണ് തോന്നിയതു്''. വിശ്വാമിത്രൻ വീണ്ടും ചോദിച്ചു — "അപ്രകാരം അദ്ദേഹം ഉച്ചരിച്ചതായി എനിക്കു തോന്നുന്നില്ലല്ലോ. 'അല്ലയോ വസിഷ്ഠാദിമഹർഷിവര്യന്മാരേ! എന്നാണല്ലോ

അദ്ദേഹം അഭിസംബോധനം ചെയ്തതു്.'' നാരദൻ—''കഷ്ടം അങ്ങേയ്ക്കു് ഇനിയും അയാളുടെ കാപട്യം വെളിവായില്ലല്ലോ. 'വസിഷ്ഠാദിമഹഷിവൎയ്യന്മാരേ!' എന്നുള്ളതാണോ ന്യായ്യമായ അഭിസംബോധനം? മഹഷിമാരിൽ അഗ്രഗണ്യനായ ഭവാനിരിക്കെ 'വിശ്വാമിത്രാദിമഹഷിവൎയ്യന്മാരേ!' എന്നല്ലേ അയാൾ അഭിസംബോധനം ചെയ്യേണ്ടിയിരുന്നതു?'' എന്നു വ്യക്തപ്പെടുത്തി പറഞ്ഞു.

അനേകായിരം സംവത്സരം കഠോരതപസ്സുചെയ്തു്, ബ്രഹ്മാദിദേവന്മാരെക്കൊണ്ടും തന്റെ മാത്സൎയ്യത്തിനു വിഷയീഭവിച്ച വസിഷ്ഠമഹഷിയെക്കൊണ്ടും 'ബ്രഹ്മഷി' എന്നു വിളിപ്പിച്ചു്, കൃതാത്ഥത നേടിയ ഗാധിനന്ദനൻ, ശകുന്തൻ തന്റെ പേരു് ആദ്യമായുച്ചരിച്ചില്ലെന്നു മാത്രമല്ല, തന്റെ എതിരിയായ വസിഷ്ഠന്റെ പേരു് താനടുത്തിരിക്കുന്ന സമയംതന്നെ ആദ്യമായി നിർദ്ദേശിക്കുകയും ചെയ്തു്, തന്നെ ക്രമാതീതമായി അവമാനിച്ചു എന്നുള്ള കാൎയ്യം നാരദന്റെ വിശദീകരണംകൊണ്ടു മനസ്സിലാക്കി. അദ്ദേഹത്തിന്റെ ശരീരം കോപാവേശംകൊണ്ടു വിറച്ചു. അടുത്ത നിമിഷം ആ മഹഷി—''നാളെ സൂൎയ്യാസ്തമയത്തിനു മുൻപു ശകുന്തന്റെ ശിരസ്സ് എന്റെ പാദങ്ങളിൽ പതിക്കുന്നതാണു്. അവൻ പ്രകടിപ്പിച്ച മൎയ്യാദകേടിന്റെ ഫലം ഞാൻ അവനെക്കൊണ്ടു് അനുഭവിപ്പിക്കും'' എന്നൊരു ശപഥം ചെയ്തു. ''അതാണു പൌരുഷം'' എന്നുപറഞ്ഞു് നാരദൻ അനുമോദിച്ചു. പിന്നീടു് അവർ രണ്ടുപേരും പരസ്പരം പിരിഞ്ഞു. ആ രാത്രിസമയത്തുതന്നെ വിശ്വാമിത്രൻ ശ്രീരാമന്റെ സമീപത്തിൽ

ചെന്നുചേൎന്നു. ഗുരുനാഥനായ വിശ്വാമിത്രമഹൎഷിയെ കണ്ടപ്പോൾ ശ്രീരാമൻ സാദരം പ്രണമിച്ചു സൽകരിച്ചു. എന്നാൽ മഹൎഷി അദ്ദേഹത്തെ ആശീൎവ്വദിക്കുകയുണ്ടായില്ല. അതുകണ്ടപ്പോൾ കുണ്ഠിതത്തോടുകൂടി ശ്രീരാമൻ ചോദിച്ചു—"അല്ലയോ ഗുരുവൎയ്യ! അവിടുന്നു തീരെ പ്രസാദമില്ലാത്ത മട്ടിൽ വൎത്തിച്ചുകാണുന്നതിനുള്ള കാരണം എന്നോടു "പറഞ്ഞാൽകൊള്ളാം" അതുകേട്ടു വിശ്വാമിത്രൻ പറഞ്ഞു—"ശ്രീരാമചന്ദ്ര! ഞാൻ പറയുന്ന കാൎയ്യം ഭവാൻ നിൎവ്വഹിക്കാമെന്നു ശപഥം ചെയ്താൽ ഭവാൻെറ ചോദ്യത്തിനു ഞാൻ മറുപടിപറയാം" ഉടനേ രാഘവൻ പറഞ്ഞു—"ഗുരുവൎയ്യ! അവിടുന്നു് ആജ്ഞാപിക്കുന്നതായ ഏതു കാൎയ്യവും ഞാൻ നിസ്സംശയമനുഷ്ഠിക്കുന്നതാണു്. ഈ വിഷയത്തിൽ അവിടുന്നു് തീരെ സംശയിക്കേണ്ട ആവശ്യമില്ലല്ലോ." അതു കേട്ടു മഹൎഷി നടന്ന സംഭവം വിവരിച്ചിട്ടു് "നാളെ സൂൎയ്യാസ്തമയത്തിനു മുൻപിൽ കാശിദേശാധിപനായ ശകുന്തൻെറ ശിരസ്സു് എൻെറ പാദങ്ങളിൽ സമൎപ്പിക്കണം" എന്നാവശ്യപ്പെട്ടു. അപ്രകാരം പ്രവൎത്തിക്കാമെന്നു ഗുരുഭക്തനായ ദാശരഥി ഉറപ്പുപറഞ്ഞു മഹൎഷിയെ സമാധാനപ്പെടുത്തി.

ആ രാത്രിയിൽ തന്നേ, നാരദൻ ശകുന്തൻെറ സമീപത്തു ചെന്നുചേൎന്നു. രാജാവു നാരദമഹർഷിയെ കണ്ടപ്പോൾ ആദരവോടുകൂടി അദ്ദേഹത്തെ പ്രണമിച്ചു് യഥോചിതം സൽകരിച്ചു. നാരദമഹൎഷിയും ശകുന്തമഹാരാജാവിനെ ആശീൎവ്വദിച്ചില്ല. അതു കണ്ടു പരിഭ്രമത്തോടുകൂടി രാജാവു ചോദിച്ചു—"അവിടുന്നു് എന്നെ ആശീൎവ്വദിക്കാതിരിക്കത്തക്കവിധം ഞാൻ ചെയ്ത അപരാധമെന്താ

ണെന്നു സകരുണം എന്നോടു പറയണേ!' അതുകേട്ടു നാരദൻ പറഞ്ഞു—"ഭവാൻ അപരാധിയാണെന്നു വിചാരിച്ചല്ല ഞാൻ ആശീർവ്വദിക്കാത്തതു്. ആസന്നമരണനായിരിക്കുന്ന ഭവാനെ ഞാനെങ്ങിനെ അനുഗ്രഹിക്കും?" അശനിപാതം പോലെ താപജനകമായ നാരദവചനം കേട്ടു സംഭ്രാന്തചിത്തനായിത്തീൎന്ന ആ കാശീശൻ ചോദിച്ചു—"മഹൎഷിപുങ്ഗവ! ത്രികാലജ്ഞനായ ഭവാൻ എന്റെ ആയുഷ്കാലാവസാനം അറിഞ്ഞു് എനിക്കു ജ്ഞാനോപദേശം ചെയ്വാൻ ഇവിടെ വന്നുചേൎന്നതു് എന്റെ ഭാഗ്യാതിരേകം കൊണ്ടു തന്നെയാണു്. അവിടുന്നു് എനിക്കു വേണ്ട ഉപദേശം തന്നു് അനുഗ്രഹിക്കേണമേ!" അതു കേട്ടു നാരദമുനി പറഞ്ഞു—"മഹാരാജാവേ! അങ്ങയുടെ അപമൎയ്യാദമായ പെരുമാററംകൊണ്ടാണു് അങ്ങേയ്ക്കു് ഈ വിപത്തടുത്തിരിക്കുന്നതു്. അങ്ങു് യാഗശാലയിൽ വച്ചു് സൎവ്വപൂജ്യനായ വിശ്വാമിത്രമഹൎഷി അടുത്തു തന്നെയുണ്ടായിരിക്കെ അദ്ദേഹത്തിന്റെ പ്രതിദ്വന്ദ്വിയായ വസിഷ്ഠന്റെ പേരുപറഞ്ഞുകൊണ്ടു് അഭിസംബോധനം ചെയ്തതു്, 'തന്നെ അപമാനിക്കുവാൻ മാത്രമാണു്', എന്നു് ആ മഹൎഷി ധരിച്ചിരിക്കുന്നു. അദ്ദേഹം 'നാളെ സൂൎയ്യാസ്തമയത്തിനു മുൻപിൽ ശകുന്തന്റെ ശിരസ്സു് എന്റെ പാദങ്ങളിൽ പതിക്കുന്നതാണു്' എന്നൊരു ശപഥം ചെയ്തിട്ടു ശിഷ്യനായ ശ്രീരാമന്റെ സമീപത്തു ചെന്നു് സത്യപ്രതിജ്ഞനായ അദ്ദേഹത്തെക്കൊണ്ടു് 'ഈ കാൎയ്യം ഞാൻ നിൎവ്വഹിച്ചുകൊള്ളാം' എന്നു പ്രതിജ്ഞ ചെയ്യിച്ചിരിക്കുന്നു. അങ്ങയുടെ അവിവേകം നിമിത്തം അടുത്തിരിക്കുന്ന വിപത്തിനെ പറഞ്ഞു ധരിപ്പിച്ചു് വേണ്ട രക്ഷാമാൎഗ്ഗം കരുതിക്കൊള്ളു

വാൻ ഉപദേശിക്കുന്നതിനാണ് ഞാൻ ഈ രാത്രിയിൽ തന്നെ ഇവിടെ വന്നിരിക്കുന്നത്''.

"മഹാത്മാവേ! ശ്രീരാമൻെറ പ്രതിജ്ഞ ഭങ്ഗപ്പെടുത്തുവാൻ ആക്കെങ്കിലും സാധിക്കുന്നതാണോ? ഒരിക്കലും അതു സാധ്യമല്ല. എന്നാൽ ബഹുമാന്യനായ വിശ്വാമിത്രമഹഷിയെ അവമാനിക്കണമെന്നു കരുതി ഞാൻ ഒന്നും പ്രവൎത്തിച്ചിട്ടില്ലെന്നുള്ളതാണു പരമാൎത്ഥം. എന്നാൽ അദ്ദേഹം എന്നെപ്പററി തെററിദ്ധരിച്ച് ഈ വിധം പ്രവൎത്തിക്കുവാനിടവന്നതു ദൈവഗതികൊണ്ടു മാത്രമാണ്. ഈ വിപത്തിൽ നിന്നു രക്ഷ നേടാൻ എങ്ങനെ സാധിക്കും?". എന്നു ശകുന്തമഹാരാജാവു വിഷണ്ണഹൃദയനായിട്ടു ചോദിച്ചു. അപ്പോൾ നാരദൻ പറഞ്ഞു— "മഹാരാജാവേ! അങ്ങ് ഈ വിഷയത്തിൽ ഒട്ടും ഭയപ്പെടേണ്ട. നാളെ പ്രഭാതത്തിൽ അങ്ങ് എന്നോടുകൂടി പുറപ്പെടുക. ഞാൻ നിർദ്ദേശിക്കുന്ന വനപ്രദേശത്തു ചെന്ന് വലുതായ ഒരഗ്നികുണ്ഡം വളൎത്തീട്ട് ശ്രീരാമനാമോച്ചാരണത്തോടുകൂടി ഏഴു പ്രദക്ഷിണം വയ്ക്കുക. അപ്പോൾ വൃദ്ധയായ ഒരു സ്ത്രീ അവിടെ വന്ന് അഗ്നിപ്രവേശത്തിനുള്ള കാരണം ഭവാനോടു ചോദിക്കും. അങ്ങയെ രക്ഷിച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യിച്ചതിനുശേഷം ആ സ്ത്രീയോടു വിവരം പറയുക. പിന്നീടു വേണ്ടകാൎയ്യം ഞാൻ ചെയ്തുകൊള്ളാം''. അതു കേട്ടു ശ്രീരാമഭക്തനായ ആ നരേന്ദ്രനു തെല്ലൊരാശ്വാസമുണ്ടായെങ്കിലും ശ്രീരാമൻെറ പ്രതിജ്ഞ വ്യത്യാസപ്പെടുത്തുവാൻ ആൎക്കു സാധിക്കുമെന്ന വിചാരമുദിച്ചപ്പോൾ വീണ്ടും അദ്ദേഹം സന്തപ്തചിത്തനായിട്ടു തന്നെ തീൎന്നു. മഹാത്മാവായ നാരദൻെറ ഉപദേശം വ്യൎത്ഥമാകുന്നതല്ലെന്നു

ചിന്തിക്കുമ്പോൾ സമാധാനവും ശ്രീരാമപ്രതിജ്ഞ ഓക്കുമ്പോൾ അസമാധാനവും അദ്ദേഹത്തിന്നു മാറിമാറി ഉളവായിക്കൊണ്ടിരുന്നു; അങ്ങനെ ആ ശകുന്തൻ പണിപ്പെട്ടു നിശാകാലമവസാനിപ്പിച്ചു. നാരദമുനിയുടെ വചനമനുസരിച്ച് അതിരാവിലെ നാരേന്ദ്രൻ മുനീന്ദ്രനോടുകൂടി പുറപ്പെട്ട് ഒരു വനപ്രദേശത്തു ചെന്നുചേൻ. "ഞാൻ പറഞ്ഞപ്രകാരമനുഷ്ഠിക്കുക, യഥാസമയം ഞാനെത്തിക്കൊള്ളാം" എന്നു പറഞ്ഞിട്ടു നാരദൻ അവിടുന്നു മറഞ്ഞു.

സൂൎയ്യദേവൻ രണ്ടാംയാമത്തിലെ നടനകൃത്യം തുടങ്ങിയപ്പോൾ നിർജ്ജനമായ ആ വനപ്രദേശത്തു വലുതായൊരഗ്നികുണ്ഡം വളത്തി, ശ്രീരാമനാമസങ്കീത്തനത്തോടുകൂടി, ശകുന്തമഹാരാജാവ് ആ അഗ്നികുണ്ഡത്തിന്നു പ്രദക്ഷിണം വയ്ക്കുവാൻ അരംഭിച്ചു. മൂന്നാലുപ്രദക്ഷിണം കഴിഞ്ഞപ്പോൾ ഒരു വൃദ്ധയായ സ്ത്രീ വടികുത്തിപ്പിടിച്ചുകൊണ്ടു രാജാവിന്റെ സമീപത്തുചെന്നുപറഞ്ഞു— കുഞ്ഞേ! നീ തീയിൽ വീഴാൻ ഭാവിക്കയാണോ? വേണ്ട വേണ്ട, നീ തീയിൽ ചാടരുത്. നിനക്ക് എന്തു സങ്കടമാണു വന്നുചേന്നതെന്നു പറയുക. ഞാൻ സമാധാനമുണ്ടാക്കാം. നീ എന്തിന്നു കരയുന്നു? കുഞ്ഞേ! പറയൂ, ഞാൻ സമാധാനം വരുത്താം." ശകുന്തൻ ആ വൃദ്ധമാതാവിനെ വണങ്ങിക്കൊണ്ടു പറഞ്ഞു—"അമ്മേ! എന്നെ അവിടുന്നു രക്ഷിച്ചുകൊള്ളാമെന്നു ശപഥം ചെയ്താൽ ഞാൻ എന്റെ സങ്കടത്തിന്റെ സ്വഭാവം അറിയിക്കാം." ഉടനെ വൃദ്ധ പറഞ്ഞു—"കുഞ്ഞേ! തീർച്ചയായി നിന്നെ ഞാൻ രക്ഷിക്കാമെന്നു എന്റെ മകനെത്തൊട്ട്. ഇതാ ആണയിട്ടിരിക്കുന്നു. നീ ഒട്ടും പേടിക്കേണ്ട." അതുകേട്ടു

ശകുന്തൻ വിവരം പറഞ്ഞു മനസ്സിലാക്കി. ശകുന്തൻെറ വാക്ക് ഒരു കുന്തമെന്നപോലെ ആ വൃദ്ധയെ വല്ലാതെ പരിതാപപ്പെടുത്തി. ആ സ്ത്രീ അഞ്ചാരപ്രാവശ്യം ദീർഘ നിശ്വാസം ചെയ്തു. അവരുടെ ശരീരം മലമ്പനിക്കാരുടെ ശരീരംപോലെ കിടുകിടെ വിറച്ചുതുടങ്ങി. "അയ്യോ! ശ്രീരാ... മ... ൻെറ... പ്ര...തി ...ജ്ഞ ... യോ? ഈ... ശ്വ...രാ! ഞാനെന്തുചെയ്യേണ്ടു!'' എന്നുള്ള ആർത്തനാദത്തോടുകൂടി ആ സ്ത്രീ തറയിൽ വീണു ബോധരഹിതയായിച്ചമഞ്ഞു. അതേ നിമിഷം നാരദമുനി അവിടെ പ്രത്യക്ഷീഭവിച്ച് കുറെ വെള്ളം കൊണ്ടുവന്നു വൃദ്ധയുടെ മുഖത്തു തളിച്ചു. അല്പം കഴിഞ്ഞപ്പോൾ അവർ കണ്ണു തുറന്നു സമീപത്തു നിൽക്കുന്ന മഹർഷിയെ കണ്ടു—"നാരദമഹർഷേ! ഞാനൊരു ആപത്തിൽ കുടുങ്ങിയിരിക്കുന്നു. ഈ അവസരത്തിൽ കർത്തവ്യമെന്താണെന്നു തോന്നാതെ ഞാൻ ഉഴലുന്നതു് അങ്ങു മനസ്സിലാക്കിയിരിക്കുമല്ലോ'' എന്നുള്ള ദീനവചനം ആ സ്ത്രീ പുറപ്പെടുവിച്ചു. അതു കേട്ടു നാരദമുനി പറഞ്ഞു—"അല്ലയോ അഞ്ജനാദേവി! ഭവതിയെ വിഷമിപ്പിക്കുന്ന സംഗതി ഞാനറിഞ്ഞു. എന്നാൽ വാസ്തവത്തിൽ യാതൊരു വൈഷമ്യവും ഭവതിക്കു വന്നിട്ടില്ല.'' ആശ്വാസപൂർവം അഞ്ജനാദേവി മുനിയോടു "മഹർഷേ! എനിക്കു യാതൊരു വൈഷമ്യവും പററീട്ടില്ലെന്നു് അങ്ങു പറയുന്നതു ശരിയാണോ? ഇതാ നേരം മദ്ധ്യാഹ്നമായിരിക്കുന്നു. ഇന്നു് സൂര്യാസ്തമയത്തിനുമുൻപിൽ ഈ അടുത്തു നിൽക്കുന്ന ശകുന്തൻെറ ശിരസ്സു പതിപ്പിക്കുന്നതാണെന്നു് സത്യപ്രതിജ്ഞനായ ശ്രീരാമൻ ശപഥം ചെയ്തിരിക്കുന്നു. സൂര്യദേവൻെറ ഉദയാസ്തമയനിയമത്തിനു വ്യത്യാസം നേരിട്ടാലും, സമുദ്രം മര്യാദ

ഉല്ലംഘിച്ച് തീരദേശത്തെ അതിക്രമിച്ചാലും, ആകാശം ഗ്രഹനക്ഷത്രാദികളോടുകൂടി ഭൂമിയിൽ പതിച്ചാലും ശ്രീരാമൻ തൻെറ പ്രതിജ്ഞയ്ക്കു് കിടകിട വ്യതിചലനം വരുത്തുകയില്ല. ഈ ശകുന്തർ അഗ്നിയിൽ വീണു മരിയ്ക്കാനൊരുങ്ങുന്നതു കണ്ടു് ഞാൻ 'തീർച്ചയായും നിന്നെ രക്ഷിച്ചുകൊള്ളാം' എന്നൊരു ശപഥം ചെയ്തുപോയി. മഹാത്മാവായ അങ്ങ് എനിക്കൊരു വഴി തെളിച്ചുതരണേ!''

ശ്രീരാമഭക്താഗ്രഗണ്യനും യമകിങ്കരസഹോദരന്മാരായ ലങ്കേശ്വരകിങ്കരന്മാരെ തവിടുപൊടിയാക്കിത്തകർത്തു് അനിതരസാധാരണമായ വീര്യപരാക്രമങ്ങൾ പ്രകടിപ്പിച്ചു സർവ്വവന്ദ്യനായി പ്രശോഭിക്കുന്നവനുമായ ശ്രീഹനുമാൻെറ മാതൃസ്ഥാനംസിദ്ധിച്ച ആ അഞ്ജനാദേവിയുടെ ഈ ദൈന്യപ്രകടനംകണ്ടു് നാരദമുനി വീണ്ടും പറഞ്ഞു—"അല്ലയോ അംജനേ! ഭവതി എന്തിനു വിഷാദിക്കുന്നു. വേഗം മകനെ മനസ്സുകൊണ്ടോന്നു വിചാരിക്കുക. വീരശിഖാമണിയായ തനയനിൽ ഈ ഭാരം ചുമത്തുക. ശ്രീമാനായ ഹനുമാൻ ഇവിടെ വന്നുചേരട്ടെ. എന്നാൽ ഒരു കാര്യം മറന്നുകളയരുതു്. ഹനുമാൻ ഇവിടെ വന്നു്, തന്നെ വിചാരിച്ചതിനു കാരണം ചോദിക്കുമ്പോൾ കാര്യനിർവ്വഹണം ഏററതായി സത്യം ചെയ്യിക്കണം. എന്നിട്ടേ സങ്ഗതി പറയാവൂ''. നാരദൻ പറഞ്ഞതുപോലെ ആ സ്ത്രീ മനസ്സുകൊണ്ടു് തൻെറ മകനെ സ്വസമീപത്തു വരുന്നതിനു സങ്കല്പിച്ചു. ലങ്കാധീശ്വരനായി വാഴിക്കപ്പെട്ട വിഭീഷണൻെറ സഹായത്തിനായി ഒരു കല്പസമയംവരെ ലങ്കയിൽ നിവസിക്കുന്നതിനു് ശ്രീരാ

മസ്വാമി നിയോഗിച്ചിരുന്ന ശ്രീഹനുമാൻ മാതാവിൻെറ സങ്കല്പം അതേനിമിഷംതന്നെ മനസ്സിലാക്കി. എന്നാൽ രാമാജ്ഞകൂടാതെ ലങ്കയിൽനിന്നു മാറുന്നതെങ്ങിനെയാണെന്നു് ആ സ്വാമിഭക്തനു് ഒരു സംശയമുദിച്ചു. മാതാവിൻെറ ആജ്ഞ അനുസരിക്കാതിരിക്കുന്നതും ഒട്ടും ഉചിതമല്ലെന്നു് അദ്ദേഹം വിചാരിച്ചു. സ്വാമിയുടെ ആജ്ഞയോ മാതാവിൻെറ ആജ്ഞയോ ഏതാണു് പ്രഥമം പരിപാലനീയമായതെന്നു ഹനുമാനുണ്ടായ സംശയം, പിതൃവാക്യപരിപാലനത്തിനായി പതിന്നാലു കൊല്ലം വനവാസക്ലേശം അനുഭവിച്ചു് ലോകത്തിനു കർത്തവ്യതാബോധം വരുത്തിയ ശ്രീരാമസ്വാമിയുടെ നടപടി ഓർമ്മിച്ചപ്പോൾ ശാന്തമായി. അടുത്തനിമിഷം വായുകുമാരൻ മാതൃസന്നിധിയിൽ എത്തി സാഷ്ടാങ്ഗപ്രണാമം ചെയ്തു. അമ്മയുടെ മുഖഭാവം കണ്ടു് ഹനുമാൻ ചോദിച്ചു—"പ്രിയമാതാവേ! അവിടുത്തെ മുഖകമലത്തിനു വാട്ടം വരുത്തിയ സങ്ഗതി എന്താണു്?" അതുകേട്ടു് വ്യസനഭാവത്തിൽ അഞ്ജനാദേവി പറഞ്ഞു—"മകനേ! ഞാൻ പറയാൻപോകുന്ന കാര്യം നീ നിർവ്വഹിച്ചുതരാമെന്നു സത്യം ചെയ്താൽ ഞാൻ സംഗതി പറയാം"—ഉടനെ ഹനുമാൻപറഞ്ഞു—"അമ്മ! ഒട്ടും സംശയിക്കേണ്ട. അമ്മ പറയാനുദ്ദേശിക്കുന്ന കാര്യം എന്തുതന്നെ ആയിരുന്നാലും ഞാനതു നിർവ്വഹിച്ചുകൊള്ളാം. ഇതു സത്യംതന്നെ." മകൻെറ വചനം കേട്ടു് ആശ്വസ്തചിത്തയായിത്തീർന്ന അഞ്ജനാദേവി നടന്ന വിവരം പറഞ്ഞു മനസ്സിലാക്കി. അന്നു് അസ്തമയത്തിനുമുൻപ് ശകുന്തമഹാരാജാവിൻെറ ശിരസ്സ് വിശ്വാമിത്രപാദങ്ങളിൽ പതിപ്പിക്കുന്നതാണെന്നു് ദൃഢപ്രതിജ്ഞ ചെയ്തിരിക്കുന്ന രാവണാരിയും ത്രൈ

ലോകൈകനാഥനും ആയ ശ്രീരാമസ്വാമിയിൽ നിന്നു് ശകുന്തമഹാരാജാവിനെ രക്ഷിക്കണമെന്നുള്ളതാണു കല്പന എന്നറിഞ്ഞപ്പോഠം ശ്രീഹനുമാനും കൂടി ക്രമത്തിലധികം പരുങ്ങി മൌനമായിത്തന്നെ നിലകൊണ്ടു. അതുവരെ വേറൊരിടത്തു മറവിൽ നിന്നിരുന്ന നാരദൻ ശകുന്തമഹാരാജാവിനോടുകൂടി ഹനുമാൻെറ സമീപത്തു ചെന്നു നിന്നു. മഹർഷിയെ കണ്ടപ്പോഠം അദ്ദേഹത്തെ പ്രണമിച്ചിട്ടു് ഹനുമാൻ പറഞ്ഞു—"അല്ലയോ മഹർഷിവയ്യ! ഞാനൊരു ധർമ്മസങ്കടത്തിലകപ്പെട്ടിരിക്കുന്നു. ഈ അവസരത്തിൽ പ്രവർത്തിക്കേണ്ടതെന്താണെന്നു മനസ്സിലാകാതെ ഞാൻ വല്ലാതെ വിഷമിക്കുകയാണു്." അതു കേട്ടു നാരദൻ കഥിച്ചു—"അല്ലയോ അഞ്ജനാപുത്രനായ വാനരോത്തമ! ഭവാൻ ശ്രീരാമലക്ഷ്മണന്മാരെ സുഗ്രീവനുമായി സഖ്യം ചെയ്യിച്ചു് ബാലിയെ നിഗ്രഹിപ്പിച്ചിട്ടു സുഗ്രീവനെ വാനരാധിപതിയാക്കി വാഴിച്ചു. നൂറുയോജനവിസ്താരമുള്ള സമുദ്രത്തെ ഒരു ഗോഷ്പദമെന്നപോലെ നിഷ്പ്രയാസം തരണംചെയ്തു് ലങ്കയിൽ ചെന്നിട്ടു് അശോകവനികയിലകപ്പെട്ടുവലഞ്ഞിരുന്ന സീതാദേവിയെ കണ്ടുപിടിച്ചു് ശ്രീരാമസന്ദേശാമൃതം ചൊരിഞ്ഞും അടയാളമോതിരം കാഴ്ചവെച്ചും ആ ദേവിയെ സമാധാനപ്പെടുത്തി. സീത നൽകിയ ചൂഡാമണി വാങ്ങിച്ചു കൈവശംസൂക്ഷിച്ചിട്ടു്, രാക്ഷസചക്രവർത്തിയുടെ മനക്കാമ്പു കവന്നിരുന്ന പൂങ്കാവിനുടവുവരുത്തി കലഹകാരണം സമ്പാദിച്ചു് കണക്കില്ലാത്ത രാക്ഷസന്മാരേയും രാവണപുത്രനായ അക്ഷകുമാരനേയും തവിടുപൊടിയാക്കി. ലങ്കേശ്വരൻെറ പ്രഥമപുത്രനായ ഇന്ദ്രജിത്തിൻെറ ബ്രഹ്മാസ്ത്ര

ബന്ധം ലൂതാതന്തുബന്ധം പോലെ നിഷ്ഫലമാക്കിത്തീ ൎത്തു. പ്രതാപലങ്കേശ്വരനെ നിർഭയമധിക്ഷേപിച്ചിട്ട് ലങ്കാനഗരിയെ അഗ്നിദേവനിരയാക്കിച്ചെയ്തു. സമുദ്രതരണംചെയ്ത് ശ്രീരാമചന്ദ്രൻെറ സന്നിധിയിൽ ചെന്ന് ദേവിയുടെ ചൂഡാമണി കാഴ്ചവച്ചിട്ട് സന്ദേശമറിയിച്ച് അനന്യലഭ്യമായ ശ്രീരാമഗാത്രാശ്ലേഷഭാഗ്യം അനുഭവിച്ചു. ശ്രീരാമപാദപദ്മങ്ങളെ ശരണം പ്രാപിച്ച വിഭീഷണന് അദ്ദേഹത്തെക്കൊണ്ട് അഭയം കൊടുപ്പിച്ചു. സമുദ്രത്തിലണകെട്ടി ലങ്കയിൽ ചെന്ന് രാക്ഷസന്മാരുമായുണ്ടായ ഘോരയുദ്ധത്തിൽ ലക്ഷ്മണനു സംഭവിച്ച മോഹാലസ്യത്തെ തീൎക്കാൻ അതിദൂരത്തുനിന്ന് അതിവേഗത്തിൽ ഔഷധിക്കിരിപ്പിടമായ പൎവ്വതശിഖരത്തെ ഒററക്കൈയ്യിലെടുത്തുകൊണ്ട് പാഞ്ഞെത്തി ലക്ഷ്മണനെ ഉജ്ജീവിപ്പിച്ച് അദ്ദേഹത്തെക്കൊണ്ട് ഇന്ദ്രജിത്തു തുടങ്ങിയ ദുഷ്ടന്മാരെ നിഗ്രഹിപ്പിച്ചു. ശ്രീരാമസ്വാമിക്കു സഹായനായിനിന്ന് അദ്ദേത്തെക്കൊണ്ട് രാവണാദികളെ വധിപ്പിച്ചു. ശ്രീരാമസ്വാമി വിജയിച്ചു പ്രകാശിച്ചതു കണ്ടാനന്ദിച്ചിട്ട് സീതാദേവിയുടെ സമീപത്തു ചെന്ന് രാവണസംഹാരം നടത്തി വിജയിച്ചുവിളങ്ങിയ ശ്രീരാമസ്വാമിയുടെ കുശലവൃത്താന്തം പറഞ്ഞ് ആ ദേവിയെ സന്തോഷസാഗരനിമഗ്നയാക്കിച്ചെയ്തു. സീതാദേവിയുടെ പാതിവ്രത്യാഗ്നികൊണ്ടുളവായ താപം സഹിക്കാൻ തനിക്കുതീരെ ശക്തിയില്ലെന്ന് അഗ്നിദേവൻ പറഞ്ഞു സീതാദേവിയെ പ്രശംസിച്ചതുകേട്ട സന്തുഷ്ടനായ ശ്രീരാമൻ ദേവിയെ സ്വീകരിച്ച് ലക്ഷ്മണനോടും സുഗ്രീവവിഭീഷണാദികളോടും കൂടി പുഷ്പകവിമാനത്തിൽ കയറി അയോധ്യയ്ക്കു

പോകുന്നവഴിയിൽ ഭരദ്വാജമഹർഷിയുടെ ആശ്രമത്തിൽ ഇറങ്ങി ആ മഹർഷിയുടെ ആതിഥ്യം സ്വീകരിക്കുവാൻ ഒരുങ്ങിയസമയം, സ്വാമികല്പനയനുസരിച്ച് അവിടെനിന്ന് അതിവേഗത്തിൽ അയോദ്ധ്യയിൽചെന്ന്, ജ്യേഷ്ഠൻ നിർദ്ദേശിച്ചിരുന്ന അവധിയുടെ പ്രത്യാഗമനസമയം അതിക്രമിച്ചതു നിമിത്തം അഗ്നിപ്രവേശനത്തിനൊരുങ്ങിയിരുന്ന ശ്രീഭരതനെ തടുത്ത് ശ്രീരാമസ്വാമിയുടെ പ്രത്യാഗമനവൃത്താന്താമൃതം വർഷിച്ച് ആ ഭ്രാതൃസ്നേഹിയുടെ ഹൃദയം കുളർപ്പിച്ചു രക്ഷപ്പെടുത്തി. അയോദ്ധ്യയിൽ പ്രവേശിച്ച് ശ്രീരാമസ്വാമി യഥാവിധി മംഗളസിംഹാസനത്തിലുപവേശിച്ച് പട്ടാഭിഷേകമഹോത്സവം നടത്തുന്നതിനു വേണ്ട സാമഗ്രീസമ്പാദനകൃത്യമനുഷ്ഠിച്ചു. എന്നാൽ ഒരിടത്തും അങ്ങേയ്ക്കു തോൽവിയുണ്ടായിട്ടില്ല. അങ്ങനെയുള്ള ഭവാനുംകൂടി ആധിപീഡിതനായ്ത്തീന്നിരിക്കുന്നതിനാൽ ഞാൻ ആശ്ചര്യപ്പെടുന്നു."

ഉടനേ ശ്രീരാമദാസൻ പറഞ്ഞു—"മഹർഷേ! രാവണസംഹാരിയായ ശ്രീരാമസ്വാമിക്ക് അഹിതമായ ഒരു കാര്യം ചെയ്യാൻ ആൎക്കാണു സാധിക്കുക? എന്നാൽ അമ്മയുടെ വാക്കു പരിപാലിക്കാതിരിക്കുന്നതെങ്ങനെ?" നാരദൻ—"ഹനുമൻ! ശ്രീരാമൻ കാട്ടിൽചെന്ന് പതിന്നാലു വത്സരം കഷ്ടപ്പെട്ടതു് പിതൃവാക്യം പരിപാലിക്കാൻ വേണ്ടി മാത്രമാണല്ലോ. വിനതയുടെ വാക്കു സത്യമാക്കുന്നതിനാണല്ലോ ഗരുഡൻ ദേവേന്ദ്രനോടു പൊരുതി അമൃതകലശം കൊണ്ടുചെന്ന് കാഴ്ചവെച്ച് മാതാവിനെ കദ്രുവുമായിട്ടുള്ള കടപ്പാടിൽനിന്നു വിമുക്തയാക്കി സന്തോഷിപ്പിച്ചതു്. അതിനാൽ മാതൃവാക്യപരിപാലനം

തന്നെയാണു പുത്രന്മാരാൽ പ്രഥമകത്തവ്യമായിട്ടുള്ളതു് ” എന്നുപദേശിച്ചു. ഹനുമാൻ വീണ്ടും പറഞ്ഞു—“മഹഷേ! ശ്രീരാമസ്വാമിക്കു ഹിതമല്ലാത്ത കാര്യം ഞാനെങ്ങനെ പ്രവത്തിക്കും? നാരദൻ—“ശരിയാണു്, ശ്രീരാമനു് ഹിതമല്ലാത്ത കാര്യം ഭവാൻ ഒരിക്കലും പ്രവത്തിക്കരുതു്. മാതൃവാക്യോല്ലങ്ഘനം ശ്രീരാമനു് ഒരിക്കലും ഹിതമാകുന്നതല്ല. ഭവാൻ മാതാവിൻെറ വാക്കനുസരിച്ചു് പ്രവത്തിക്കാതിരുന്നാൽ ശ്രീരാമൻ ഭവാനെ ഒരിക്കലും ബഹുമാനിക്കുകയില്ല. അതുകൊണ്ടു് അഞ്ജനാദേവിയുടെ അഭീഷ്ടം സാധിക്കുന്നതിനു് ഈ ശകുന്തമഹാരാജാവിനെ ഭവാൻ രക്ഷിക്കുകതന്നെയാണു വേണ്ടതു് ” എന്നു സയുക്തികം സമത്ഥിച്ചു. നാരദവചനം ആദരണീയമായിട്ടുതന്നെ വാനരോത്തമനു തോന്നി. വാനരവീരൻ മാതാവായ അഞ്ജനാദേവിയെ സമാധാനത്തോടുകൂടി വാസസ്ഥാനത്തു ചെന്നിരിക്കുവാൻ പറഞ്ഞയച്ചു. നാരദമുനി ശകുന്തമഹാരാജാവിനോടു് “ഇനി ഭവാനു് ഭയലേശംപോലും ആവശ്യമില്ല” എന്നു പറഞ്ഞിട്ടു് അവിടെനിന്നു മറഞ്ഞു. അടുത്തനിമിഷത്തിൽ ആ വായുനന്ദനൻ മേരുഗിരിസമാനനായ ഒരു മഹാകായനായിട്ടു വിളങ്ങി. സ്വലാങ്ഗുലംകൊണ്ടു വജ്രായുധത്തിനുപോലും അഭേദ്യമായ ഒരു കോട്ടയുണ്ടാക്കി ശകുന്തമഹാരാജാവിനെ അതിൻെറ അന്തർഭാഗത്തു പ്രവേശിപ്പിച്ചിട്ടു് ശ്രീരാമനാമസങ്കീത്തനലഹരിയിൽ രമിച്ചുതുടങ്ങി.

തൻെറ പ്രതിജ്ഞ നിറവേറുന്നതുവരെ ശ്രീരാമസന്നിധിയിൽനിന്നു മാറുകയില്ലെന്നുള്ള സങ്കല്പത്തോടുകൂടി ദാശരഥിയെ പിടികൂടി കൂടെക്കൂടെ പ്രകൃതകാര്യം ഓമ്മിപ്പിച്ചുകൊണ്ടിരുന്ന വിശ്വാമിത്രൻ യാഗശാലയിൽ

നിന്നു് ശ്രീരാമൻെറ സമീപത്തു ചെന്നുചേന്ന സമയം മുതൽ അന്നേദിവസത്തിലെ രണ്ടു യാമം കഴിയുന്നതുവരെ വല്ലവിധത്തിലും അടങ്ങിപ്പാത്തു. തൃതീയയാമവും കുറേ ശെക്കറേശെയായി ചുരുങ്ങിത്തുടങ്ങീട്ടും ശ്രീരാമനു് തൻെറ കാൎയ്യത്തേക്കുറിച്ചു യാതൊരു ശ്രദ്ധയും കാണാത്തതുകൊണ്ടു് ഗാധിനന്ദനൻെറ സഹനശക്തി നിശ്ശേഷം നിലച്ചു. മഹൎഷി സംഭ്രമത്തോടുകൂടി രാഘവനോടു പറഞ്ഞു— "ശ്രീരാമാ! ഞാൻ പറഞ്ഞ കാൎയ്യം ഭവാൻ മറന്നുകളഞ്ഞോ? ഇപ്പോൾ നേരമെത്രയായെന്നു് അങ്ങു മനസ്സിലാക്കിയോ? കാശിദേശാധിപൻ മഹാപരാക്രമശാലിയായ ഒരു രാജകേസരിയാണെന്നു ധരിച്ചിട്ടില്ലായിരിക്കാം. ബാല്യകാലംമുതൽ വൎത്തമാനകാലംവരെ ഭവാനിൽ പ്രസിദ്ധമായിരുന്ന ഗുരുഭക്തിക്കുകൂടി വല്ല കാരണവശാലും കേടുപററിപ്പോയോ? രാഘവ! ചക്രവൎത്തിയായ ഭവാൻ ഈ താടിക്കാരൻെറ വാക്കു് അത്ര വകവയ്ക്കത്തക്കതല്ലെന്നു വിചാരിക്കുന്നുവോ? അന്നു് മാരീചാദിനിശാചരന്മാരെ ഓടിച്ചു യാഗരക്ഷ നടത്തിത്തരുന്നതിന്നു് ബാലനായിരുന്ന ഭവാനെ എൻെറ കൂടെ പ്പറഞ്ഞയയ്ക്കണമെന്നു ഞാനാവശ്യപ്പെട്ടപ്പോൾ, വളരെക്കാലം സന്താനം ലഭിക്കാതിരുന്നതുകൊണ്ടുള്ള സന്താപഭരമനുഭവിച്ചതിന്നുശേഷം ഈശ്വരാനുഗ്രഹംകൊണ്ടു വാൎദ്ധക്യകാലത്തു പുത്രനായി ലഭിച്ച ബാലനായിരുന്ന ഭവാനെ ഘോരനിശാചരന്മാരോടു പൊരുതുവാനായിപ്പറഞ്ഞയയ്ക്കുന്നതിൽ ന്യായ്യമായ വൈമനസ്യം പ്രകടിപ്പിച്ചു എങ്കിലും, പറഞ്ഞവാക്കു തെററിക്കാതിരിക്കാൻ ഭവാനെ എൻെറകൂടെ പറഞ്ഞയച്ച ദശരഥചക്രവൎത്തിയാകുന്ന മഹാമേരുപൎവ്വതത്തിൻെറ സന്നിധി

യിൽ ഭവാൻ ഒരു കട്ടകുപോലെയെങ്കിലും വൎത്തിച്ചില്ലെങ്കിൽ ഭവാന്റെ കുലമഹിമ ഭവാൻ നിമിത്തം പമ്പകടക്കുമെന്നതു ഭവാൻ വിചാരിക്കുന്നില്ലയോ? ഈ കാൎയ്യം നിൎവ്വഹിക്കുന്നതിനു ഭവാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിൽ, അതു കാലേ കൂട്ടിപ്പറയുക.”

ഇത്തരത്തിൽ മഹൎഷി തൊടുത്ത വാക്ശരപരമ്പര കണ്ണദ്വാരംവഴിയായ് പാഞ്ഞുചെന്നു് ശ്രീരാമന്റെ ഹൃദയത്തിൽ തറച്ചു. വനവാസത്തിനിടയ്ക്കു തന്നോടു പൊരുതുവാൻ നിരന്നുനിന്ന ഖരൻ ദൂഷണൻ ത്രിശിരസ്സു തുടങ്ങിയ പതിന്നാലായിരം രാക്ഷസന്മാരെ ഒരു മുഹൂൎത്ത സമയംകൊണ്ടു് ഏകാകിയായിക്കൊന്നൊടുക്കി സമരചതുരത പ്രകടിപ്പിച്ച രാവണാന്തകൻ വിശ്വാമിത്രനോടു, മന്ദഹാസത്തോടും വണക്കത്തോടുംകൂടി ശാന്തമായ് പറഞ്ഞു—“ഗുരോ! അവിടുന്നു എന്നെത്തെറ്റിദ്ധരിക്കരുതേ! ശകുന്തന്റെ തല അവിടത്തെ തൃപ്പാദങ്ങളിൽ പതിപ്പിക്കാൻ എത്രയോ തുച്ഛമായ ഒരു സമയം നമുക്കു് ഉപയോഗപ്പെടുത്തിയാൽ മതിയാകും. സൂൎയ്യാസ്തമയത്തിനുമുൻപിലത്തെ ക്ഷണംവരെ ശകുന്തൻ സ്വസ്ഥനായിരുന്നുകൊള്ളട്ടെ എന്നു വിചാരിച്ചുമാത്രമാണു് ആ കാൎയ്യത്തിനു് ഇതുവരെ ഞാൻ തുനിയാത്തതു്. ഇനിയും ഒന്നരയാമം കഴിഞ്ഞിട്ടേ സൂൎയ്യൻ അസ്തമിക്കയുള്ളു. ഏതായാലും അവിടത്തെ സമാധാനത്തിനായി ഇപ്പോൾതന്നെ അതിനുവേണ്ട ഏൎപ്പാടു ചെയ്തുകൊള്ളാം.” ഇപ്രകാരം രാഘവൻ പറഞ്ഞ വാക്കുകൾ വിശ്വാമിത്രനു് ധൈൎയ്യമുളവാക്കി.

അനേകവാരം അരാതികളോടു പൊരുതുവാനും വീൎയ്യപരാക്രമങ്ങൾ പ്രകടിപ്പിക്കുവാനുമുള്ള സന്ദൎഭം,

ലക്ഷ്മണനും തനിക്കും നേരിട്ടതുപോലെ ഇതുവരെ ഭരതനു നേരിടാഞ്ഞതു വിചാരിച്ച് ശ്രീരാമൻ, കാശിരാജാവിനോടു പൊരുതേണ്ടതായി വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ ആ ഭ്രാതാവിനെ വിളിച്ചു പ്രസ്തുതകാര്യം നിർവ്വഹിക്കുന്നതിനാജ്ഞാപിച്ചു. ഉടനെ ഭരതൻ വേണ്ട സൈന്യസന്നാഹത്തോടുകൂടി കാശിനഗരിയിൽ ചെന്നു ശകുന്തനെ അന്വേഷിച്ചപ്പോൾ കാട്ടിലേയ്ക്കു പോയിരിക്കുന്നതായറിഞ്ഞു് അങ്ങോട്ടു തിരിച്ചു. കുറേദൂരം പോയപ്പോൾ പർവ്വതാകാരനായ ഒരു വാനരപുങ്ഗവൻ ശ്രീരാമനാമസങ്കീർത്തനം ചെയ്തുകൊണ്ടു വർത്തിക്കുന്നതു് അദ്ദേഹം കണ്ടു. ഹനുമാൻ പറഞ്ഞു. "ഭരത! സ്വാമിക്കു കുശലമാണല്ലോ? സ്വാമിതന്നെ ഇവിടെ എഴുന്നള്ളുമെന്നാണ് ഞാൻ വിചാരിച്ചതു്. ശകുന്തനെ വധിക്കുന്നതിനു ഭവാനെ അദ്ദേഹം നിയോഗിച്ചിരിക്കുന്നുവെന്നു് ഇപ്പോൾ ഞാനൂഹിക്കുന്നു. അങ്ങനെയാണെങ്കിൽ, ശകുന്തനെ രക്ഷിച്ചുകൊള്ളാമെന്നു് എൻെറ അമ്മയുടെ അഭീഷ്ടമനുസരിച്ച് ഞാൻ സത്യം ചെയ്തിരിക്കയാൽ ആദ്യമായി എന്നെ ജയിക്കുക. എന്നിട്ട് എൻെറ വാലുകൊണ്ടുള്ള കോട്ടയ്ക്കുള്ളിൽ വർത്തിക്കുന്നവനായ ശകുന്തനെ വധിക്കുക. സൂര്യാസ്തമയത്തിനു മുൻപിൻ ശകുന്തനെ വധിച്ചില്ലെങ്കിൽ സത്യപ്രതിജ്ഞനായ ശ്രീരാമസ്വാമിയുടെ ശപഥത്തിനു ഭങ്ഗം വരുകയില്ലേ? വേഗം യുദ്ധത്തിനു തുടങ്ങുക." ഈ വൃത്താന്തം മനസ്സിലായപ്പോൾ ഭരതൻ കുറച്ചുനേരം ഒന്നും തോന്നാത്തവനായി അവിടെത്തന്നെ നിന്നു് അല്പനേരം കഴിഞ്ഞു് അവിടുന്നു തിരിച്ച് ശ്രീരാമസന്നിധിയിൽ ചെന്നു് ഈ വിവരമുണർത്തിച്ചു. ശ്രീരാമൻ ലക്ഷ്മ

നോട്ട്, വേഗം ചെന്ന് ഹനുമാനെ ജയിച്ചിട്ട് ശകുന്തനെ വധിച്ച് ശിരസ്സെടുത്തുകൊണ്ടു വരുന്നതിനാജ്ഞാപിച്ചു. സൈന്യവുമായി ലക്ഷ്മണൻ ഹനുമാൻെറ സമീപത്തുചെന്ന് ശകുന്തനെ പുറത്തു വിട്ടുതരണമെന്നാവശ്യപ്പെട്ടു. ഹനുമാൻ അതുകേട്ട് അപ്രകാരം താൻ ചെയ്കയില്ലെന്നു പറഞ്ഞപ്പോാ ലക്ഷ്മണൻ ബാണങ്ങാ തൊടുത്തുതുടങ്ങി. ഇന്ദ്രജിത്തിനേയും മററും നിഗ്രഹിക്കാൻ ഉപയോഗിച്ച ബാണങ്ങാതന്നെ ഹനുമാൻെറ നേക്കും ലക്ഷ്മണൻ പ്രയോഗിച്ചു. ആ ബാണങ്ങാ ഹനുമാൻെറ ശരീരത്തിൽ പുഷ്പാഞ്ജലിപോലെ പരിണമിച്ചതേയുള്ളു.'' കുറേനേരം കഴിഞ്ഞപ്പോാ ഹനുമാൻ ചിരിച്ചുകൊണ്ടു പറഞ്ഞു. "ലക്ഷ്മണാ! സമയം വെറുതെ കളയാതെ ജ്യേഷ്ഠൻെറ സമീപത്തുപോയി അദ്ദേഹത്തെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരിക. എന്നാൽ സമാധാനമുണ്ടാകും.'' അതു ശരിയാണെന്ന് അനുഭവംകൊണ്ടു തീച്ചപ്പെടുത്തിയ ലക്ഷ്മണൻ ശ്രീരാമസന്നിധിയിൽ ചെന്ന് ഹനുമാനെ ജയിക്കാൻ താൻ ശക്തനല്ലെന്നു ബോധിപ്പിച്ചു. ഈ സംഭവങ്ങാ കണ്ടുകൊണ്ടിരുന്ന വിശ്വാമിത്രൻെറ പരിഭ്രമം വീണ്ടും വർദ്ധിച്ചു.

വിചാരിച്ചിരുന്നതുപോലെ കാര്യം ലഘുവായിട്ടുള്ളതല്ലെന്നു ബോധ്യം വന്ന ശ്രീരാമൻ യുദ്ധത്തിനൊരുങ്ങി രഥത്തിൽ കേറി ഹനുമാൻെറ സമീപത്തു ചെന്നുചേന്നു. മഹർഷിയും അദ്ദേഹത്തോടു കൂടിയുണ്ടായിരുന്നു. ശ്രീരാമചന്ദ്രനെ കണ്ടപ്പോാ ഹനുമാൻ ഭക്തിയോടുകൂടി പ്രണമിച്ചിട്ടു പറഞ്ഞു. "പ്രഭോ! വേഗം ബാണങ്ങാ തൊടുത്ത് എന്നെ ജയിക്കുക. എന്നിട്ടു ശകുന്ത

ൻെറ ശിരസ്സ്കൊണ്ടു് വിശ്വാമിത്രൻെറ പാദങ്ങൾക്കു പുഷ്പാഞ്ജലിനടത്തുക" എന്നു പറഞ്ഞിട്ടു ശ്രീരാമനാമസങ്കീർത്തനത്തിൽ ആസക്തനായി. മാരീചൻ, ഖരപ്രഭൃതികൾ, രാവണകുംഭകർണ്ണാദികൾ ഇവരെ ഉദ്ദേശിച്ചു ബാണം തൊടുക്കാൻ അതിസമർത്ഥമായിരുന്ന ശ്രീരാമൻെറ ഹസ്തം, ഹനുമാനെ ഉദ്ദേശിച്ചു ബാണപ്രയോഗം ചെയ്യാൻ വളരെ പ്രയാസപ്പെട്ടു. സത്യഭങ്ഗത്തിൽ നിന്നുള്ള ഭയ്യം കൊണ്ടു രാഘവൻ ആഞ്ജനേയൻെറ നേൎക്കു ബ്രഹ്മാസ്ത്രം തന്നെ പ്രയോഗിക്കേണ്ടതായിട്ടു വന്നു. ഉജ്ജ്വലത്തായ ബ്രഹ്മാസ്ത്രം ഹനുമാൻെറ നേൎക്കു പുറപ്പെട്ടു. എന്നിട്ടും ഹനുമാൻെറ മുഖത്തിൽ പ്രകാശിച്ചിരുന്ന മന്ദഹാസശോഭയ്ക്കു യാതൊരു കുറവുമുണ്ടായില്ല. അസ്ത്രം ഹനുമാനോടടുത്തു. എന്നാൽ ശ്രീരാമനാമം ഉച്ചരിച്ചുകൊണ്ടിരുന്ന മാരുതിയെ സ്പർശിക്കുന്നതിനു ബ്രഹ്മാസ്ത്രത്തിനു സാധിച്ചില്ല. അസ്ത്രം ആഞ്ജനേയനെ രണ്ടുമൂന്നു പ്രാവശ്യം വലം വച്ചു. ഹനുമാനെ തൊടുന്നതിനുപോലും സാധിക്കുകയില്ലെന്നു വന്നപ്പോൾ 'ഏതെങ്കിലുമൊരു ലക്ഷ്യത്തിൽ ചെന്നു വീഴാതെ ശമിക്കാൻ നിവൃത്തിയില്ലാത്തതായ ബ്രഹ്മാസ്ത്രം വേഗം വിശ്വാമിത്രൻെറ നേൎക്കു പാഞ്ഞു. അതു കണ്ടപ്പോൾ മഹർഷി ഓടിത്തുടങ്ങി. എന്നിട്ടും അസ്ത്രം തുടരുന്നതു കണ്ടു വിഷാദിച്ചപ്പോൾ നാരദൻ അടുത്തു ചെന്നു പറഞ്ഞു—"വിശ്വാമിത്ര! ഈ അസ്ത്രം അടങ്ങണമെങ്കിൽ ഹനുമാൻ തന്നെ വിചാരിക്കണം. അങ്ങേയ്ക്കു രക്ഷ കിട്ടണമെങ്കിൽ ഹനുമാനെ ശരണം പ്രാപിക്കുക." അതുകേട്ടു വിശ്വാമിത്രൻ ഹനുമാൻെറ സമീപത്തു ചെന്നു് "എന്നേ രക്ഷിക്കണേ" എന്നു പ്രാൎത്ഥിച്ചു. ഉടനേ ശ്രീഹനുമാൻ മുൻഭാഗത്തു പ്രത്യക്ഷമായി വിളങ്ങുന്ന ശ്രീരാമസ്വാമിയുടെ ദിവ്യമങ്-

ഗളസ്വരൂപത്തെ ഭക്തിയോടുകൂടി ധ്യാനിച്ചിട്ടു ആ ബ്ര
ഹ്മാസ്ത്രത്തിനെ കൈകൊണ്ടു തൊട്ടു. അപ്പോൾ അതു
ശാന്തമായിത്തീൎന്നു. ശകുന്തനെ വെളിയിൽ വരുത്തി വി
ശ്വാമിത്രൻെറ പാദങ്ങളിൽ നമസ്കരിപ്പിച്ചിട്ടു നാരദൻ
പറഞ്ഞു—"നാളെ സൂൎയ്യാസ്തമയത്തിനു മുൻപ് ശകുന്ത
ൻെറ ശിരസ്സ് എൻെറ പാദങ്ങളിൽ പതിക്കുന്നതാണ്"
എന്നു വിശ്വാമിത്രൻ ഇന്നലെ ചെയ്തിരുന്ന ശപഥത്തി
നു ഭംഗം വന്നിട്ടില്ല. ഇതാ ശകുന്തൻെറ ശിരസ്സ് വി
ശ്വാമിത്രൻെറ പാദങ്ങളിൽ പതിച്ചിരിക്കുന്നു. സൂൎയ്യാ
സ്തമയത്തിന് ഇനിയും അര നാഴികകൂടി കഴിയണം.
ശ്രീരാമൻെറയും അഞ്ജനയുടേയും ശ്രീഹനുമാൻെറയും
പ്രതിജ്ഞകളും നിറവേറിയിരിക്കുന്നു. 'ശ്രീരാമനാമം ഉച്ച
രിക്കുന്നവരോട് ശ്രീരാമൻ പോലും എതിൎക്കുവാൻ സമ
ൎത്ഥനല്ല' എന്ന തത്വം വെളിപ്പെടുത്തുവാനും, ഈ വി
ശ്വാമിത്രമഹൎഷിക്കു വസിഷ്ഠനോടുള്ള വിദ്വേഷം ശമി
പ്പിക്കുവാനും ആയിട്ടാണ് ഞാൻ ഇത്രയൊക്കെ പ്രവൎത്തി
ച്ചതു്".

അതു കേട്ടു് എല്ലാവരും അത്ഭുതപ്പെട്ടു. വിശ്വാ
മിത്രമഹൎഷി വസിഷ്ഠനോടുള്ള മത്സരം വെടിഞ്ഞു. അ
ഞ്ജനാദേവി പുത്രൻെറ മാഹാത്മ്യം കണ്ടു് ഏററവും സ
ന്തോഷിച്ചു. എല്ലാവരേയും കടാക്ഷവീക്ഷണം കൊണ്ടു
അനുഗ്രഹിച്ചിട്ടു് ശ്രീരാമചന്ദ്രൻ രാജധാനിയിലേയ്ക്കു തിരി
ച്ചു. മററുള്ളവരും അവരവരുടെ വാസസ്ഥലത്തു ചെന്നു്
ആഹ്ലാദിച്ചു.

# ഗ്രന്ഥകാരന്റെ മററുകൃതികൾ.

---

### സംസ്കൃതം

1. ശ്രീചിത്രാവതാരവിജയം.
2. ശ്രീമദനന്തശയനപ്രാശസ്ത്യം.
3. ശ്രീകൃഷ്ണസ്തുതി.
4. ശ്രീമഹാലക്ഷ്മീകടാക്ഷശതകം.
5. ആഞ്ജനേയമാഹാത്മ്യം.
6. പുത്രസംരക്ഷണപ്രാർത്ഥന
7. സ്തോത്രാരാമം.

### മലയാളം.

1. ശ്രീകടാക്ഷശതകവ്യാഖ്യാനം.
2. ശ്രീചണ്ഡീശതകവ്യാഖ്യാനം.
3. ശ്രീസൂര്യ്യശതകവ്യാഖ്യാനം.
4. അദ്ധ്യാത്മപടലവ്യാഖ്യാനം.
5. ദർശനങ്ങളും ദ്രഷ്ടാക്കളും.
6. തർക്കസാരം.
7. ഉപദേശമാല.
8. അമൂല്യരത്നം (നോവൽ).
9. ഭാഷാമയൂരശതകം (തർജ്ജമ).
10. രത്നാവലി (നാടിക) ടി

# കഥാമകരന്ദം.

൧

ഏ. പരമേശ്വരശാസ്ത്രികൾ.

Indic Digital Archive Foundation
gpura.org